CHURCH WEEKLY

THE ALWAYE FELLOWSHIP HOUSE
REMAIN IN MY LOVE

August 2019

An Ecumenical Publication from

THE ALWAYE FELLOWSHIP HOUSE

Church Weekly

Vol. 73
Issue 8
August 2019

Sri K.C. Chacko
Founder of the Church Weekly
(1946)

An Ecumenical Publication from
THE ALWAYE FELLOWSHIP HOUSE

73rd Year of Publication

FOUNDER CHIEF EDITOR : Sri. N.M. ABRAHAM
First Published : December 1946

CHURCH WEEKLY

C/o The Alwaye Fellowship House
Union Christian College P.O.
Alwaye - 683 102,
Kerala, South India.
Ph : 0484-2605630, 2606986

E-mail : churchweeklyafh@gmail.com
fellowshiphse@gmail.com
Chief Editor : mgk.afh@gmail.com
Website
www.alwayefellowshiphouse.com

EDITORIAL BOARD

KURUVILLA M. GEORGE IRS (Retd)
0484-2603260
(Chief Editor)
Prof. ABRAHAM MATHEW
Prof. M.T. SARAMMA
SANTHOSH OOMMEN
Dr. M.I. PUNNOOSE
Dr. ANNIE DAVID
GEORGE JOSEPH
Dr. GEORGE EIPE
Dr. VARGHESE JOHN

ADVISOR

K.V. MAMMEN

CIRCULATION MANAGER

K.O. ELIAS
0484-2606986, 9446718234

SUBSCRIPTION RATES

	Inside India	
Single Issue	₹ 10.00	
Annual	₹ 100.00	
10 years	₹ 900.00	
Life (Patron)	₹ 10000.00	
	Outside India	
Annual	₹ 600.00	or 10 USD
10 years	₹ 6000.00	or 100 USD
Life (Patron)	₹ 60000.00	or 1000 USD

- *Articles, Advertisements and Letters may be sent to the Chief Editor. Photos and matrimonial requests are also welcome. (Full page Rs.1000, Half page Rs.500)*
- *All correspondence regarding subscription enquiries may be sent to the Circulation Manager.*

DISCLAIMER
The Alwaye Fellowship House is not responsible for the contents of the articles or the genuineness of the advertisements published in the Church Weekly.

Read... Subscribe... Recommend...

മഹദ്‌വചനം

" സ്വാതന്ത്ര്യം തന്നെയമൃതം
സ്വാതന്ത്ര്യം തന്നെ ജീവിതം
പാരതന്ത്ര്യം മാനികൾക്കു
മൃതിയേക്കാൾ ഭയാനകം "

മഹാകവി കുമാരനാശാൻ

ഈ ലക്കത്തിൽ

4	*വാർത്തകൾ*		
5	*മുഖമൊഴി*	കാശ്മീർ വിഭജനവും ചില സ്വാതന്ത്ര്യദിന ചിന്തകളും	
7	*ഇതൾ - 2*	ദിവ്യസ്വഭാവത്തിന് പങ്കാളികളാവുക	*Fr. Nobin Philip*
9	*ബൈബിൾ ചിന്തകൾ*	നിർമ്മമത്വം – ദൈവവേലയുടെ മഹത്വം	*Prof. M.Y Yohannan*
11	*യുവലോകം*	നിയന്ത്രണവിധേയമായ മനസ്സ് ഉണ്ടാകണം	*Dr. Thomson Roby*
13	*കാൽപാടുകൾ- 32*	കൂദാശാനുഷ്ഠാനങ്ങൾ ഓർത്തഡോക്സ് പാരമ്പര്യത്തിൽ	*Fr. Johny George*
15	*ബോധനം*	പ്രകൃതി നൽകുന്ന പാഠം	*Jacob Oommen*
17	*നിയമചിന്ത*	അപകീർത്തികരമായ കലാസൃഷ്ടിക്ക് പുരസ്കാരം നൽകാമോ ?	*Adv. Varghese P. Thomas*
19	*സ്മരണ*	ഡോക്ടർ മേരി പുന്നൻ ലൂക്കോസ്	*N.S. Madhavan*
21	*യുവപംക്തി*	കലാലയ രാഷ്ട്രീയം കലാപരാഷ്ട്രീയമാകുമ്പോൾ	*Ahna S. Babu*
23	*Pilgrimage*	**Divine Economy and Human Economics**	*Fr. Dr. K.M. George*
25	*Interpretations*	***Human Responsibility and Divine Providence***	*Dr. Raju K. John*
27	*Insights*	**Epigenetics: A Story Beyond DNA**	*Dr. T Thomas Philip*
29	*Spotlight*	**Archaeology vs Faith: Conflict over Ancient Churches in Kerala**	*Dr.Jenee Peter*
33	*Life Style*	**Seeking God's Guidance**	*Dr. Annie David*
35	*Last Page*	**GIVE US THIS DAY OUR DAILY BREAD**	*M.G. Kuruvila*

വാർത്തകൾ

കെ.സി.ചാക്കോസാറിന്റെ ചരമ വാർഷികവും ആലുവ ഫെലോഷിപ്പ് ഹൗസിന്റെ വാർഷികധ്യാനവും

ആലുവ യു.സി. കോളേജിന്റെ സ്ഥാപകരിൽ പ്രമുഖനും ഫെലോഷിപ്പ് ഹൗസിന്റെ രൂപീകരണത്തിനു പിന്നിലെ പ്രേരകശക്തിയുമായിരുന്ന കെ.സി.ചാക്കോ സാറിന്റെ 72-ാം ചരമവാർഷികാചരണവും അതോടനുബന്ധിച്ചുള്ള വാർഷിക ധ്യാനവും സെപ്തംബർ 14, 15 തീയതികളിൽ ആലുവ ഫെലോഷിപ്പ് ഹൗസ് എം. തൊമ്മൻ ഹാളിൽ വച്ച് നടത്തപ്പെടുന്നു. 14 നു രാവിലെ 10.30 ന് ആരംഭിക്കുന്ന വാർഷിക ധ്യാനം കോട്ടയം ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരി അദ്ധ്യാപകനായ ഫാ. എബ്രഹാം തോമസ് നയിക്കുന്നതാണ്. ഇത്തവണത്തെ കെ.സി.ചാക്കോ സ്മാരക എക്യുമെനിക്കൽ പുരസ്കാരം ആലുവ ബ്ലഡ് ബാങ്കിന്റെയും ഡയറക്ടറായ ഡോ. വിജയകുമാറിനു സമ്മാനിക്കും. 15നു രാവിലെ 7.30ന് ആലുവ യു.സി. കോളേജ് സെന്റ് തോമസ് ഓർത്തഡോക്സ് പള്ളിയിൽ വിശുദ്ധ കുർബ്ബാനയും തുടർന്ന് സെമിത്തേരിയിൽ കെ.സി ചാക്കോയുടെ സ്മാരക കബറിൽ ധൂപാർപ്പണവും. പ്രാതലിനു ശേഷം കെ. സി.സി. കോട്ടേജിൽ സുഹൃദ് സംഗമം നടക്കും. വൈകുന്നേരം 6 മണിക്ക് യു.സി. കോളേജ് ചാപ്പലിൽ വച്ചു നടക്കുന്ന എക്യുമെനിക്കൽ ആരാധനയോടെ ചടങ്ങുകൾ സമാപിക്കും. 14 നു രാവിലെ 9ന് കൗൺസിൽ യോഗവും 2.30ന് അസോസിയേഷൻ യോഗവും ഉണ്ടായിരിക്കും.

Dr. N. VIJAYAKUMAR

ALUVA

Recipient, K.C.Chacko Ecumenical Award for Inter-faith Relations, 2019 .

Dr. Vijayakumar is in charge of the only NABH (National Accreditation Board for Hospitals) accredited Regional Blood Transfusion Centre in Kerala, since its inception in 1997. He established the only Comprehensive Haemophilia Care Centre in Kerala . The state of the art community Dialysis Centre in the Govt. Hospital, Aluva, organised by him, and running with the help of benevolent individuals and NGO's, has 26 dialyses units, and has successfully completed nearly 90,000 quality dialyses. He is the driving force behind the smooth and efficient functioning of these centres, established as a result of his vision and tireless effort against heavy odds, catering to thousands of poor patients, who cannot afford to be treated elsewhere and would succumb to their illness.

A graduate of the Govt. Medical College, Kottayam, he pursued his higher studies in the Post Graduate Institute of Medical Science, Chandigarh, and the Govt Medical College, Rohtak.

Dr. Vijayakumar is the recipient of several State, National and International commendations, honours and awards for his accomplishments, and more than anything else, for his total commitment to selfless and dedicated service among poor patients. Among the many awards are the Kerala State Best Doctor Award (1999 and 2009) National Award to Eminent Medical Men for Distinguished Achievement of the Highest Order, and the National Award for Outstanding and Exemplary Social Service.

May God bless and strengthen Dr. Vijayakumar in his service of the sick and the needy.

കാശ്മീർ വിഭജനവും ചില സ്വാതന്ത്ര്യദിന ചിന്തകളും

ഓർമ്മയും ഓർമ്മപ്പെടുത്തലുമായി വീണ്ടുമൊരു സ്വാതന്ത്ര്യദിനം കൂടി. ബ്രിട്ടീഷ് അധിനിവേശത്തിൽ നിന്നുള്ള മോചനത്തിനു വേണ്ടി വീടും നാടും മറന്ന് പോരാടി ജീവത്യാഗം ചെയ്ത ധീരദേശാഭിമാനികളെക്കുറിച്ചുള്ളതാണ് ഓർമ്മ. നിസ്വരും നിരക്ഷരരുമായ ജനകോടികളുടെ ഹൃദയ വികാരങ്ങളെ ഏകോപിപ്പിച്ച് സ്വാതന്ത്ര്യത്തിന്റെ മഹാവിഹായസ്സിലേക്ക് അവരെ കൈപിടിച്ചു നയിച്ച മഹാത്മജിയെ കുറിച്ചുള്ളതാണ് പ്രദീപ്തമായ ഓർമ്മ. ഇന്ത്യയുടെ വികസന സ്വപ്നങ്ങളെ ദീർഘവീക്ഷണത്തോടെ വിഭാവനം ചെയ്ത് പരിപാലിച്ച ജവഹർലാൽ നെഹ്റു, സർദാർ പട്ടേൽ, അംബേദ്കർ തുടങ്ങി എണ്ണമറ്റ ദേശീയ നേതാക്കളെയും സാമൂഹിക പരിഷ്കർത്താക്കളെക്കുറിച്ചുമുള്ളതാണ് നിത്യ പ്രചോദിതമായ ഓർമ്മ.

ഓർമ്മപ്പെടുത്തലാവട്ടെ, അത്ര സുഖമില്ലാത്ത ആത്മവിമർശനങ്ങളുടെ വിചാരധാരയാണ്. രാജ്യം സ്വാതന്ത്ര്യത്തിന്റെ ഏഴു പതിറ്റാണ്ടുകൾ പിന്നിടുമ്പോഴും മഹാകവി ടാഗോറിന്റെ പ്രാർത്ഥനയിപ്പോഴും ഒരു കാല്പനിക സ്വപ്നം മാത്രമായി ശേഷിക്കുന്നുവെന്ന യാഥാർത്ഥ്യമാണ് അസ്വസ്ഥകരമായ ആ ഓർമ്മപ്പെടുത്തൽ. എവിടെ മനസ്സ് നിർഭയമായിരിക്കുന്നുവോ, എവിടെ ശിരസ്സ് അഭിമാനത്തോടെ ഉയർന്നിരിക്കുന്നുവോ, എവിടെ അറിവ് സ്വതന്ത്രമായിരിക്കുന്നുവോ, എവിടെ ലോകം സങ്കുചിതമായ ഗൃഹഭിത്തികളാൽ വിഭജിക്കപ്പെടാതിരിക്കുന്നുവോ; സ്വാതന്ത്ര്യത്തിന്റെ ആ സ്വർഗ്ഗത്തിലേക്ക് തന്റെ രാജ്യത്തെ ഉയർത്തേണമേയെന്ന മഹാനായ ടാഗോറിന്റെ പ്രാർത്ഥന സാക്ഷാത്കരിക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ലെന്നത് കുറ്റകരമായ ഓർമ്മപ്പെടുത്തലാണ്. ജാതിചിന്തയുടെയും വംശീയ ഗർവ്വിന്റെയും ഇടഭിത്തികൾ സങ്കുചിതമായിത്തന്നെ തുടരുന്നു. അഴിമതിയും ആൾക്കൂട്ട ക്കൊലപാതകങ്ങളും ഉന്നാവയുൾപ്പെടെ പീഡനമരണങ്ങളും നമ്മുടെ സാംസ്കാരികാന്തരീക്ഷത്തെ കലാപകലുഷിതമാക്കിയിരിക്കുന്നു.

സ്വാതന്ത്ര്യദിനാഘോഷങ്ങളുടെ ആഹ്ലാദവേള നിഷേധാത്മകചിന്തകളുടെ കുറ്റവിചാരണ കൊണ്ടു മാത്രം പരിമിതപ്പെടുത്തുന്നില്ല. അന്താരാഷ്ട്രതലത്തിൽ അസൂയാവഹമായ ഒട്ടേറെ നേട്ടങ്ങൾ കൈവരിക്കാൻ ഇന്ത്യയ്ക്ക് കഴിഞ്ഞിട്ടുണ്ടെന്നതും ഓരോ ഭാരതീയനും അഭിമാനം പകരുന്ന കാര്യമാണ്. ശാസ്ത്രസാങ്കേതിക രംഗത്ത് ലോകരാജ്യങ്ങളുടെ മുൻനിരയിൽ ഇന്ത്യ സ്ഥാനം പിടിച്ചിരിക്കുന്നു. ഒരു ഹോളിവുഡ് സിനിമയുടെ ചെലവിൽ ഇന്ത്യ തയ്യാറാക്കിയ ചന്ദ്രപര്യവേഷണ പേടകം - മംഗൾയാൻ-2 അതിന്റെ വിജയക്കുതിപ്പ് തുടരുകയാണ്. പട്ടിണിക്കാരുടെയും പാമ്പാട്ടികളുടെയും നാടെന്ന ദുഷ്പ്പേര് മാറ്റി ഇന്ത്യ പല രംഗങ്ങളിലും വികസിതരാജ്യങ്ങളുടെ നിരയിലിടം പിടിച്ചിരിക്കുന്നുവെന്നതും ഏറെ അഭിമാനകരം തന്നെയാണ്.

കാശ്മീർ: ഇന്ത്യയുടെ മുറിപ്പാട്

1947-ലെ സ്വാതന്ത്ര്യദിനാഘോഷവുമായി ചില സമാനതകൾ 2019-ലെ സ്വാതന്ത്ര്യദിനാഘോഷത്തിനുണ്ട്. ആദ്യ സ്വാതന്ത്ര്യദിനം ആഹ്ലാദത്തിനൊപ്പം രാജ്യവിഭജനത്തിന്റെ മുറിപ്പാടുകളും ഇന്ത്യൻ ഉപഭൂഖണ്ഡത്തിന് സമ്മാനിക്കുകയുണ്ടായി. ഉണങ്ങാത്ത മുറിവായി ഇരുരാജ്യങ്ങൾക്കുമിടയിൽ കാശ്മീർ പ്രശ്നം കഴിഞ്ഞ ഏഴു പതിറ്റാണ്ടുകളായി നീറിപ്പുകഞ്ഞുകൊണ്ടിരിക്കുന്നു. ഭൂമിയിലെ സ്വർഗ്ഗമെന്ന് വിശേഷിപ്പിക്കപ്പെടുന്ന കാശ്മീരിന്റെ കൈവശാവകാശതർക്കമാണ് അതിർത്തികളിൽ അശാന്തിയുടെ വിത്ത് പാകിയത്. ഒളിഞ്ഞും തെളിഞ്ഞുമുള്ള നിരന്തര ഭീകരാക്രമണ പരമ്പരകളാണ് ഇക്കാലമത്രയും

നമ്മുടെ രാജ്യം നേരിട്ടത്. ചിനാർ മരങ്ങൾ പൂത്തുലഞ്ഞുനിൽക്കുന്ന ഈ മഞ്ഞുതാഴ്വരയുടെ പേരിൽ ഇതിനോടകം നാല്പതിനായിരത്തിലേറെ നിരപരാധികളുടെ ജീവൻ ഹോമിക്കപ്പെട്ടുവെന്ന യാഥാർത്ഥ്യവും നമുക്ക് മുന്നിലുണ്ട്.

എന്നാൽ ഇത്രമാത്രം ഗൗരവതരമായ ചരിത്രദൗത്യം നടപ്പാക്കിയതിലെ അനൗചിത്യങ്ങൾ ശ്രദ്ധേയമാണ്. പ്രതിപക്ഷത്തെയും രാജ്യത്തെയും ഇരുട്ടിൽ നിർത്തിയും കാശ്മീർജനതയെ വിനിമയബന്ധങ്ങൾ കൂടി വിച്ഛേദിച്ച് ബന്ധനത്തിലാക്കിയും നടത്തിയ കാശ്മീർവിഭജനം ഭരണകക്ഷിയുടെ വോട്ടുരാഷ്ട്രീയത്തിന്റെ ഭാഗമാണെന്ന വിമർശനമുണ്ട്. സുപ്രധാനവും ചരിത്രപരവുമായ തീരുമാനങ്ങൾ നിക്ഷിപ്ത താൽപര്യങ്ങൾക്കുവേണ്ടി കൈക്കൊള്ളുന്നത് ശരിയായ സന്ദേശമായിരിക്കില്ല രാജ്യത്തിനു നൽകുന്നത്.

ഒറ്റരാത്രികൊണ്ട് നോട്ടുനിരോധനം പ്രഖ്യാപിച്ച് കേമത്തം കാട്ടിയ മിടുക്ക് മോദി ഗവൺമെന്റ് കാശ്മീർ വിഭജനത്തിലും ആവർത്തിച്ചു. ഒറ്റദിവസത്തെ പാർലമെന്റ് ചർച്ചയ്ക്കൊടുവിൽ കാശ്മീരിന്റെ പ്രത്യേക പദവികളെടുത്തു കളഞ്ഞ് സംസ്ഥാനത്തെ രണ്ടായി വിഭജിച്ചു. ലക്ഷോപലക്ഷം ഭാരതീയർ ഒറ്റക്കെട്ടായി പൊരുതിനേടിയ രാജ്യ സ്വാതന്ത്ര്യത്തിന്റെ പരമാധികാരവുമായി ബന്ധപ്പെട്ട സുപ്രധാന തീരുമാനങ്ങളിൽ അഴിച്ചുപണി നടത്തുമ്പോൾ പ്രതിപക്ഷത്തെയും കാശ്മീരിജനതയെയും വിശ്വാസത്തിലെടുത്തുകൊണ്ട് തീരുമാനം നടപ്പാക്കാനുള്ള മാന്യത മോദിഭരണകൂടം കാണിച്ചില്ലെന്നത് നിർഭാഗ്യകരമാണ്. ഒരു സർവ്വകക്ഷിയോഗമെങ്കിലും വിളിച്ച് ഇക്കാര്യത്തിൽ ആശയഐക്യം രൂപപ്പെടുത്താനുള്ള പരിശ്രമമെങ്കിലും നടപ്പാക്കണമായിരുന്നു. കാരണം സംസ്ഥാന വിഭജനം പോലുള്ള കാര്യങ്ങൾ ഒരു പാർട്ടിയുടെ മാത്രം ആഭ്യന്തരകാര്യമല്ല. പ്രത്യേകിച്ചും, കാശ്മീർ പോലെ തന്ത്രപ്രധാനമായ പ്രദേശത്തിന്റെ ഭരണ പുനർവിന്യാസങ്ങൾ രാജ്യസുരക്ഷയുമായി ബന്ധപ്പെട്ട പൊതുപ്രശ്നമാണ്.

നടപ്പാക്കിയ രീതിയുടെ അനൗചിത്യങ്ങളും അപാകതകളും മാറ്റിനിർത്തിയാൽ ഇക്കാര്യത്തിൽ കേന്ദ്രഗവൺമെന്റ് കൈക്കൊണ്ട നിലപാട് രാജ്യതാല്പര്യത്തിന് അനുഗുണമാണെന്ന് വിശ്വസിക്കുന്നവരാണ് ഏറെയും. പ്രതിപക്ഷനിരയിൽനിന്നുതന്നെ ഇതിന് അനുകൂലമായി ചിന്തിക്കുന്നവർ രംഗത്തു വന്നത് ഇതിനു തെളിവാണ്. ഒരു രാജ്യത്ത് രണ്ടു ഭരണഘടനയും രണ്ടുതരം പൗരത്വവുമെന്നത് തികച്ചും അനുചിതമാണ്. വിഘടനവാദത്തിന്റെയും ഭീകരവാദത്തിന്റെയും ഹബ്ബായി കാശ്മീർ താഴ്വര മാറുന്നത് നിശ്ശബ്ദരായി നോക്കിനിൽക്കാൻ നമുക്ക് കഴിയില്ല. കേന്ദ്രഭരണ പ്രദേശമായി പ്രഖ്യാപിച്ചതിലൂടെ ആഭ്യന്തര സുരക്ഷിതത്വവും സമാധാനവും ഉറപ്പുവരുത്തിക്കൊണ്ട് കാശ്മീരിലെ ഒളിപ്പോർ യുദ്ധങ്ങൾക്ക് അറുതിവരുത്താൻ കഴിയുമെന്ന പ്രതീക്ഷ തീർച്ചയായും ശുഭോദർക്കമായ ഒരു കാര്യംതന്നെയാണ്.

എന്നാൽ നിലപാടുകൾക്കു പിന്നിലെ താല്പര്യവും ഉദ്ദേശശുദ്ധിയും രാജ്യത്തെ ബോധ്യപ്പെടുത്താനുള്ള ഉത്തരവാദിത്തം കേന്ദ്രഗവൺമെന്റിനുണ്ട്. സമാധാനപ്രിയരായ കാശ്മീരി ജനതയുടെ ആത്മവിശ്വാസമുയർത്താനും അനുഭാവം നേടിയെടുക്കാനും കഴിയണം. നിതാന്തവൈരിയായ പൊതുശത്രുവിനെ നേരിടുമ്പോൾ രാജ്യം ഒറ്റക്കെട്ടായി നിൽക്കേണ്ടതുണ്ട്. അതിന് ആന്തരികമായ രാഷ്ട്രീയതാല്പര്യങ്ങളും അപസ്വരങ്ങളും വിഘാതമായി നിന്നുകൂടാ. ഭീകരവാദം തുടച്ചുനീക്കി സുശക്തമായൊരു പുതിയ ഭാരതം കെട്ടിപ്പടുക്കാമെന്ന പ്രതിജ്ഞ പുതുക്കലിന് ഈ വർഷത്തെ സ്വാതന്ത്ര്യദിനാഘോഷം മുഖാന്തിരമാകട്ടെയെന്ന് പ്രത്യാശിക്കാം. ചർച്ച് വീക്ക്‌ലിയുടെ മാന്യവായനക്കാർക്കെല്ലാം ഊഷ്മളമായ സ്വാതന്ത്ര്യദിനാശംസകൾ നേരുന്നു.

◎

ഇതൾ - 2
ഫാ. നോബിൻ ഫിലിപ്പ്



ദിവ്യസ്വഭാവത്തിന് പങ്കാളികളാവുക

''അവയാൽ അവൻ നമുക്കു വിലയേറിയതും അതിമഹത്തുമായ വാഗ്ദത്തങ്ങളും നല്കിയിരിക്കുന്നു. ഇവയാൽ നിങ്ങൾ ലോകത്തിൽ മോഹത്താലുള്ള നാശം വിട്ടൊഴിഞ്ഞിട്ട് ദിവ്യസ്വഭാവത്തിനു കൂട്ടാളികളായിത്തീരുവാൻ ഇടവരുന്നു'' (2 പത്രോസ് 1:4).

ദൃശ്യമാധ്യമങ്ങളും, നവസൗഹൃദതരംഗങ്ങളും നടമാടുന്ന ഈ കാലഘട്ടത്തിൽ മനുഷ്യസ്വഭാവത്തിന് വലിയ അന്തരം ഉണ്ടായിട്ടുണ്ട്. കൊലപാതകങ്ങൾ പോലും പകർത്തുന്നതിനോ കാണുന്നതിനോ യാതൊരു മനസ്താപവും ഇല്ലാത്ത മനുഷ്യർ. ഇത്രമാത്രം സ്വഭാവത്തിൽ മാറ്റങ്ങൾ സംഭവിച്ച നമുക്ക് ഈ വേദഭാഗം ഒരു വെല്ലുവിളി ഉയർത്തുന്നു. ആത്മീയത നമ്മെ ക്രമപ്പെടുത്താൻ മുമ്പോട്ടു വയ്ക്കുന്ന മനോഹരമായ ആശയം - "ദിവ്യസ്വഭാവത്തിന് പങ്കാളികളാവുക."

ക്രിസ്തുവിന്റെ രണ്ടാമത്തെ വരവ് ഉടൻ ഉണ്ടാകുമെന്ന പ്രതീക്ഷയിൽ ജീവിച്ച വിശ്വാസ സമൂഹത്തിന് കാലക്രമേണ തങ്ങളുടെ പ്രതീക്ഷയുടെ തിളക്കം കുറയുന്നു എന്ന് തോന്നിത്തുടങ്ങി. ഈ അവസരം മുതലെടുത്താണ് വേദവിപരീതികളായ ചിലർ ദൈവമാർഗ്ഗത്തിൽ നിന്ന് ഒരിക്കൽ ഉപേക്ഷിച്ചു കളഞ്ഞതും ദൈവസഭയ്ക്ക് ചേരാത്തതുമായ അസാന്മാർഗ്ഗികതയുടെ മാർഗ്ഗത്തിൽ ചിലരെ കുടുക്കുവാൻ പരിശ്രമിച്ചത്. ഇതറിഞ്ഞ പരി. പത്രോസ് ശ്ലീഹാ ഒരു മുന്നറിയിപ്പായിട്ടാണ് പറയുന്നത്, "അവൻ നമുക്ക് വിലയേറിയതും അതിമഹത്തുമായ വാഗ്ദത്തങ്ങളും നൽകിയിരിക്കുന്നു. ഇവയാൽ നിങ്ങൾ ലോകത്തിൽ മോഹത്താലുള്ള നാശം വിട്ടൊഴിഞ്ഞ് ദിവ്യസ്വഭാവത്തിന് കൂട്ടാളികളായിത്തീരുവാൻ ഇടവരുന്നു." ഇവിടെ പുതിയ ഒരു നിർദ്ദേശമല്ല, മറിച്ച് തങ്ങൾ ആയിരിക്കുന്ന, വിളിക്കപ്പെട്ടിരിക്കുന്ന അവസ്ഥ വിശ്വസ്തതയോടെ കാത്തുസൂക്ഷിച്ച് അതിൽ നിർമ്മലരായിരിക്കേണ്ടതിന്റെ ആവശ്യകത ആണ് ശ്ലീഹാ നൽകുന്നത്. ഈ ലേഖനം രചിക്കുമ്പോൾ ലോകത്തിന്റെ മോഹം എന്നത് ജഡാഭിലാഷങ്ങളോടുകൂടിയ അസാന്മാർഗ്ഗികത ആയിരുന്നു എങ്കിൽ, ഇന്ന് നമ്മുടെ കാലത്തുള്ള അനവധി പ്രലോഭനങ്ങളും (അധികാരം, ധനം, മാനം) വീഴ്ചയുടെ സാധ്യതകൾ ഉൾക്കൊള്ളുന്ന ഒരു സംജ്ഞയാണ്. എന്നാൽ പലപ്പോഴും ഇവയെ അനുചിതം എന്ന് തിരിച്ചറിയാതെ മാന്യതയുടെ അളവുകോലായി കാണുമ്പോൾ ക്രിസ്തുവിന്റെ ദിവ്യസ്വഭാവത്തിൽ നിലനിൽക്കുക, പങ്കാളികളാകുക എന്നത് ആധുനിക മനുഷ്യന് അപരിചിതമാണ്. ഈ പശ്ചാത്തലത്തിൽ നമ്മുടെ സഭാ-സാമൂഹിക-വ്യക്തി ജീവിതങ്ങളെ ഒന്ന് ക്രമപ്പെടുത്തി, ക്രിസ്തുവിന്റെ ദിവ്യസ്വഭാവത്തിൽ പങ്കുകാരാകാൻ ലഭിച്ചിരിക്കുന്ന നിയോഗത്തെ എപ്രകാരം നിവർത്തിക്കണം എന്ന് ചിന്തിക്കാം.

❖ **ദിവ്യസ്വഭാവത്തിലെ പങ്കാളിത്തം പരി. മാമോദീസായിലൂടെ ലഭിക്കുന്ന ദാനമാണ്.**

മനുഷ്യനെ ദൈവം തന്റെ സാദൃശ്യത്തിലും സ്വരൂപത്തിലും സൃഷ്ടിച്ചു. എന്നാൽ അനുസരണക്കേടും ദൈവത്തെ കൂടാതെ നന്മതിന്മകളെ തിരിച്ചറിയുവാനുള്ള പരിശ്രമവും അവനെ വീഴ്ചയിലും തൽഫലമായി ദൈവസ്വഭാവത്തിൽ നിന്ന് അകന്ന് പോകുന്നതിലും കൊണ്ടുചെന്നെത്തിച്ചു. പിന്നിട്ട കാലങ്ങളോളം യാഗങ്ങളിലൂടെയും ബലികളിലൂടെയും ദൈവത്തോട് ചേർന്ന്

നിൽക്കുവാൻ ശ്രമിക്കുന്ന അനേകരെ കാണുന്നു. എന്നാൽ ഇതൊന്നും ദൈവ സ്വഭാവത്തിലെ പങ്കാളിത്തത്തിന് അനുവ ദിച്ചില്ല. കാലത്തികവിൽ ദൈവപുത്രൻ ലോകത്തിൽ വന്ന് ക്രൂശിൽ മരിച്ച് പുനരു ത്ഥാനം ചെയ്ത് ദൈവവും മനുഷ്യനും തമ്മിലുള്ള അകൽച്ചയെ പരിഹരിച്ചു. ഈ ഇഴയടുപ്പമാർന്ന ബന്ധം നാം അനുഭവിക്കു ന്നത് പരി. മാമോദീസ എന്ന കൂദാശയിലൂ ടെയാണ്. ഇതുവഴി പാപസംബന്ധമായ മനുഷ്യസ്വഭാവം ഉരിഞ്ഞുകളഞ്ഞ് ദൈവസ്വ ഭാവം നാം ധരിക്കുന്നു. ഇത് ഒരു ഉപനയ നമാണ്. ഇനിയും വളർച്ച എന്ന വലിയ ഘട്ടവും ഉത്തരവാദിത്തവും ഉണ്ട്. ഈ ദൈവസ്വഭാവത്തിലുള്ള അനുദിനവളർ ച്ചയെ ഓർത്തഡോക്സ് ദൈവശാസ്ത്രം തെയോസിസ് അല്ലെങ്കിൽ ദൈവീകരണം എന്നു പറയുന്നു. ക്രിസ്തുവിന്റെ ദിവ്യസ്വ ഭാവം എന്നാൽ നാം ദൈവത്തെപ്പോലെ ആവുക എന്നല്ല, ക്രിസ്തു മനുഷ്യനായി ജീവിച്ച് കാണിച്ചു തന്ന പാപമില്ലാത്ത അ ല്ലെങ്കിൽ പാപത്തിന്റെ കളങ്കം പറ്റാത്ത മനു ഷ്യസ്വഭാവത്തിൽ നിലനിൽക്കുക എന്നതാ ണ്. എന്നാൽ ഇങ്ങനെയുള്ള നിലനിൽപ്പ് മനുഷ്യന് ഒറ്റയ്ക്ക് സാധിക്കില്ല. അത് പരി ശുദ്ധാത്മ നടത്തിപ്പിൽ ആശ്രയിച്ച് മാത്രം സാദ്ധ്യമാകുന്ന ഒന്നാണ്. അതുകൊണ്ടാണ് വേദശാസ്ത്രവിധിയിലെ പ്രമുഖനായ ഒറി ഗൻ എന്ന പിതാവ് പറയുന്നത്: "ദിവ്യസ്വ ഭാവത്തിലെ പങ്കാളിത്തം എന്നത് പരിശു ദ്ധാത്മാവിന്റെ പങ്കാളിത്തം ആണ്."

❖ **ക്രിസ്തുവിന്റെ ദിവ്യസ്വഭാവം നമ്മിൽ പരിരക്ഷിക്കേണ്ടത് ജീവിത നിലപാടു കളിലൂടെയാണ്.**

പരി. മാമോദീസായിലൂടെ നാം പങ്കാളികൾ ആകുന്ന ദിവ്യസ്വഭാവത്തെ പരിരക്ഷിച്ച് മുന്നോട്ട് പോകുമ്പോഴാണ് ക്രിസ്തീയ ജീവിതം മഹത്വപൂർണ്ണമാകുന്നത്. അതി നായി നാം യത്നിക്കുമ്പോൾ ക്രിസ്തുവി നോട് ചേർന്ന് വളരുവാൻ കഴിയണം. പല പ്പോഴും ഒരു ചിത്രകാരൻ തന്റെ സൃഷ്ടി ക്കുള്ള ഒരു മാതൃകയെ വീക്ഷിച്ച് തന്റെ രചനയിൽ ഏർപ്പെടുന്നതുപോലെയാണ് നമ്മുടെ ക്രിസ്തീയ ജീവിതം. ക്രിസ്തു ന മ്മുടെ മാതൃകയായി നിന്ന് നാം ജീവിക്ക ണം. മാതൃകയായി നിന്നാൽ മാത്രം മതി യാവില്ല. നമ്മുടെ ഉള്ളിൽ ജീവന്റെ അനുഭ വമായി മാറണം. കർത്താവുതന്നെ ന മ്മോട് കൽപ്പിക്കുന്നു: "എന്നിൽ വസിപ്പിൻ ഞാൻ നിങ്ങളിലും വസിക്കും" ഈ ബോ ധ്യം ഉൾക്കൊണ്ട ജീവിതനിലപാട് ഉണ്ടാ യിരിക്കുന്നതുകൊണ്ടാണ് പരി. പൗലോസ് ശ്ലീഹാ പറയുന്നത്, "ഇനി ജീവിക്കുന്നത് ഞാനല്ല എന്നിൽ ജീവിക്കുന്ന ക്രിസ്തു വത്രേ" എന്ന്. ജീവിത നിലപാടുകളിൽ ദൈവത്തെപ്പറ്റി യഥാർത്ഥമായ അറിവും നമ്മെ വഴിനടത്തുന്ന ദൈവകൃപയെക്കുറി ച്ചുള്ള ശരിയായ ബോധ്യവും നാം നേടി യെടുക്കണം. ഇത് അർത്ഥപൂർണ്ണമായ ഒരു ആരാധനാജീവിതത്തിൽക്കൂടി മാത്രമേ സാദ്ധ്യമാകയുള്ളൂ. അതിനെക്കുറിച്ച് യെരു ശലേമിലെ വി. കൂറിലോസ് ഇപ്രകാരം പറ യുന്നു: "കർത്താവിന്റെ തിരുശരീരവും തിരു രക്തവും നമ്മുടെ ശരീരത്തിന്റെ ഭാഗമാകു മ്പോൾ നമ്മൾ ക്രിസ്തുവിനെ വഹിക്കു ന്നവരും ക്രിസ്തുവിന്റെ ദിവ്യ സ്വഭാവത്തിന് പങ്കാളികളും ആയിത്തീരും."

ദിവ്യസ്വഭാവത്തിലെ പങ്കാളിത്തത്തെപ്പറ്റി പരി. പൗലോസ് ശ്ലീഹായുടെ ഒന്നാം ലേഖനം കൂടെ ചേർത്ത് വായിച്ചുകൊണ്ട് ചിന്തകൾക്ക് വിരാമം ഇടാം. വിശ്വാസിയെ സംബന്ധിച്ചിടത്തോളം ക്രിസ്തുവിലുള്ള പങ്കാളിത്തം അവന്റെ കഷ്ടാനുഭവത്തി ലുള്ള പങ്കാളിത്തം കൂടിയാണ്. അതിന്റെ പ്രതിഫലമോ അവന്റെ മഹത്വത്തിലെ പ ങ്കാളിത്തവും. പരി. മാമോദീസായുടെ നൽ വരമായ വീണ്ടുംജനനത്തിലൂടെ നാം അവ കാശികളായ ദിവ്യസ്വഭാവത്തെ നഷ്ടപ്പെ ടുത്താത്ത ജീവിത നിലപാടുകളെ ഉൾ ക്കൊള്ളുവാൻ ആരാധന - സുകൃത ജീവി തത്തിലൂടെ അത് പരിപോഷിപ്പിക്കുവാൻ ദൈവം നമ്മെ സഹായിക്കട്ടെ.

Prayer:

പരിശുദ്ധാത്മാവാം ദൈവമേ, തിന്മയ്ക്ക് വിധേയമാകാതെ അവസാനത്തോളം സഹിച്ചുനിന്ന് നന്മയിൽ വളരുവാൻ പാപിക ളായ ഞങ്ങളെ യോഗ്യരാക്കണമേ.

◎

ബൈബിൾ ചിന്തകൾ

പ്രൊഫ. എം. വൈ. യോഹന്നാൻ

നിർമ്മമത്വം-ദൈവവേലയുടെ മഹത്വം

1969-ൽ നീൽ ആംസ്ട്രോങ്ങ് ആദ്യമായി ചന്ദ്രനിൽ ഇറങ്ങി. പിന്നീട് 1971-ൽ ചന്ദ്രനിലെത്തിയ ഇർവിൻ എന്ന ശാസ്ത്രജ്ഞൻ അവിടെ വേദപുസ്തകം വിടർത്തി 8-ാം സങ്കീർത്തനം വായിച്ചു:

നിന്റെ വിരലുകളുടെ പണിയായ ആകാശത്തെയും നീ ഉണ്ടാക്കിയ ചന്ദ്രനെയും നക്ഷത്രങ്ങളെയും നോക്കുമ്പോൾ, മർത്യനെ നീ ഓർക്കേണ്ടതിന് അവൻ എന്ത്? മനുഷ്യപുത്രനെ സന്ദർശിക്കേണ്ടതിന് അവൻ എന്തു മാത്രം? (സങ്കീർത്തനങ്ങൾ 8:3,4).

തിരിച്ചുവന്നശേഷം പത്രപ്രതിനിധികളോട് അദ്ദേഹം പറഞ്ഞു: "ഞാൻ ചന്ദ്രനിൽ പോയി എന്നുള്ളത് ഒരത്ഭുതമാണ്, ശരിയാണ്. പക്ഷേ, നിത്യനായ ദൈവം, കാലാതീതനായ ദൈവം, ആദിയും അന്തവുമില്ലാത്ത ദൈവം ചരിത്രത്തിന്റെ നിറുകയിലേക്ക്, ഈ ഭൂമിയിലേക്ക് വന്നു എന്നുള്ളതാണ് ഏറ്റവും വലിയ അത്ഭുതം." നീൽ ആംസ്ട്രോങ്ങിനെപ്പോലെ അദ്ദേഹവും ദൈവത്തിന്റെ വചനം വിശ്വസിക്കുന്ന ആളായിരുന്നു.

ജോൺ പവ്വൽ ഈ യാത്രകളെക്കുറിച്ചൊരു ഗ്രന്ഥമെഴുതി. ('Through Seasons of the Heart') അദ്ദേഹം പറയുകയാണ്: God sends each person into this world with a special message to deliver and a special song to sing for others; no one else can speak my message or sing my song." എന്നെ ദൈവം ഭരമേല്പിച്ച ദൂത് വേറെ ആർക്കും പ്രസംഗിക്കാൻ കഴിയുകയില്ല. എന്നെ ഏല്പിച്ച പാട്ട് വേറെ ഒരാൾക്കും പാടാനും സാധിക്കയില്ല.

നിത്യനായ ദൈവത്തിന് നമ്മെ ഓരോരുത്തരെക്കുറിച്ചും പ്രത്യേകമായ ഒരുദ്ദേശ്യമുണ്ട്. നാം ഓരോരുത്തരും നിർവ്വഹിക്കാൻ ദൈവം കണ്ടിരിക്കുന്ന പ്രത്യേക പരിപാടിയുണ്ട്. വേറെ ആർക്കും അത് ചെയ്യാൻ പറ്റുകയില്ല. നാം വിലയേറിയവരാണ്.

നീ എനിക്ക് വിലയേറിയവനും മാന്യനും ആയി ഞാൻ നിന്നെ സ്നേഹിച്ചിരിക്കുന്നു. (യെശയ്യാവ് 43:4).

നാം ദൈവത്തിന്റെ പ്രത്യേക സംരക്ഷണയിലാണ്. ദൈവമില്ലെന്ന് വാദിക്കുന്ന മനുഷ്യനും ദൈവത്തിന്റെ സംരക്ഷണയിലാണ്. ദൈവം ആർക്കും ദോഷം ചെയ്യുന്നില്ല. എല്ലാവരെയും സ്നേഹിക്കുന്നു. എല്ലാവരെയും കരുതുന്നു. എല്ലാവർക്കും അവസരം കൊടുക്കുന്നു. ദൈവത്തിന്റെ പദ്ധതി നിറവേറ്റുവാൻ ദൈവം ഓരോരുത്തരെക്കുറിച്ചും ആലോചിക്കുന്നു.

നിലവിളക്കിൽ ധാരാളം തട്ടുകളുണ്ട്. ഓരോ തട്ടിലും അനേകം തിരികൾ. ഈ നിലവിളക്ക് എപ്പോഴും കത്തിക്കൊണ്ടിരിക്കണം. നാം പ്രകാശം പരത്തുന്നവരായിരിക്കണം. ഓരോരുത്തർക്കും ദൈവം താലന്തുകൾ തന്നിട്ടുണ്ട്. ലഭിച്ചിരിക്കുന്ന താലന്തുകൾ ഉപയോഗിച്ച് നാം അനേകരെ നീതിയിലേക്ക് തിരിക്കുവാൻ ദൈവം ആഗ്രഹിക്കുന്നു.

എന്നാൽ ബുദ്ധിമാന്മാർ ആകാശമണ്ഡലത്തിന്റെ പ്രഭപോലെയും പലരേയും നീതിയിലേക്ക് തിരിക്കുന്നവർ നക്ഷത്രങ്ങളെപ്പോലെയും എന്നും എന്നേക്കും പ്രകാശിക്കും (ദാനിയേൽ 12:3).

ക്രിസ്തുവിന്റെ അപ്രമേയ പ്രതിഭ, മാനവജാതിക്കു നൽകിയ മഹാസന്തോഷമാണ്, സുവിശേഷത്തിന്റെ കാതലും കാമ്പും. Paradise Lost എഴുതിയ ജോൺ മിൽട്ടൻ, Less Miserables (പാവങ്ങൾ - ലേമിറാബിലേ) എഴുതിയ വിക്ടർ ഹ്യൂഗോ, യുദ്ധവും സമാധാനവും (War and Peace) എഴുതിയ ടോൾസ്റ്റോയി, Divine Comedy എഴുതിയ ഡാൻഡേ മുതലായ സാഹിത്യനായകന്മാർ ക്രിസ്തുവിന്റെ സുവിശേഷത്തിന്റെ ശക്തി സ്വാംശീകരിച്ചവരായിരുന്നു.

മൊളോക്കായിലെ കുഷ്ഠരോഗിക

ൾക്കുവേണ്ടി ജീവിതം ബലികഴിച്ച ഫാദർ ഡാമിയൻ, ആഫ്രിക്കയിലെ കിരാതന്മാരുടെ ഇടയിൽ തന്നെത്തന്നെ മറന്ന് സുവിശേഷത്തിന്റെ വിത്ത് വിതച്ച ഡേവിഡ് ലിവിംഗ്സ്റ്റൺ, അമേരിക്കൻ ഭരണഘടനയുടെ ഉപജ്ഞാതാവായ ബെഞ്ചമിൻ ഫ്രാങ്ക്ളിൻ തുടങ്ങിയ മഹത്വ്യക്തികൾ സുവിശേഷത്തിന്റെ തണലിലേക്ക് ലക്ഷങ്ങളെ ആകർഷിച്ചവരാണ്.

ജീവിക്കുന്ന രക്തസാക്ഷികൾ - Tortured for Christ എന്ന പുസ്തകത്തിൽ റിച്ചാർഡ് വുംബ്രാന്റ് എന്ന ഭക്തനായ ഒരു മിഷനറിയെക്കുറിച്ച് പറയുന്നുണ്ട്. റുമേനിയായിലെ കമ്മ്യൂണിസ്റ്റ് തടങ്കൽ പാളയത്തിലെ ജയിലറയിൽ അദ്ദേഹം കിടക്കുകയായിരുന്നു. ആ ജയിലറയ്ക്ക് ആകെ ഒരു വാതിലേ ഉള്ളൂ. ആ വാതിൽ സാധാരണ തുറക്കാറില്ല. ചിലപ്പോൾ മൂന്നു ദിവസത്തിലൊരിക്കൽ ഒന്നു തുറന്നിട്ട് ഒരു റൊട്ടിയും ഒരു കപ്പിൽ അല്പം വെള്ളവും കൊടുക്കും. അതാണ് ഭക്ഷണം.

ആ മുറിയുടെ ചുവരുകളിലെല്ലാം ചെറിയ ചെറിയ ദ്വാരങ്ങളുണ്ട്. ആ ദ്വാരങ്ങളിൽ ക്കൂടി എലികൾ കടന്നു വരും. അദ്ദേഹം ഇരിക്കുകയോ കിടക്കുകയോ ഉറങ്ങുകയോ ഉണർന്നിരിക്കുകയോ ചെയ്യുമ്പോൾ എലികൾ വന്ന് കടിക്കും. അവിടവിടെ മുറിവുകളുണ്ടാകും. ഈ പാവം മനുഷ്യൻ വേദനിച്ച് പിടയും.

പതിമൂന്ന് കൊല്ലം റുമേനിയായിലെ ജയിലിൽ റിച്ചാർഡ് വുംബ്രാന്റ് കിടന്നു, യേശുക്രിസ്തുവിന്റെ സുവിശേഷം പ്രസംഗിച്ചു എന്ന ഒറ്റക്കാരണംകൊണ്ട്. പിന്നീട് അദ്ദേഹം ജയിൽ മോചിതനായി വന്നതിനുശേഷം ഇന്ത്യയിൽ വന്നു. തിരുവനന്തപുരത്ത് വന്നപ്പോൾ പലരും അദ്ദേഹത്തെ കാണാനിടയായി. അദ്ദേഹത്തിന്റെ ശരീരത്തിലുള്ള എലി കടിച്ച പാടുകൾ അദ്ദേഹം അവർക്ക് കാണിച്ചുകൊടുത്തു.

ദൈവം നമ്മെ ഓരോരുത്തരേയും ഓരോരോ ജോലികൾ ഭരമേല്പിക്കുന്നുണ്ട്. ശരിയായ മാനസാന്തരത്തിലേക്ക് വന്നുവെങ്കിൽ നാം കർത്താവിന്റെ വേല ചെയ്തുപോകും.

നമുക്കു ലഭിച്ച സന്തോഷവും സമാധാനവും ആരോടെങ്കിലും ഒന്ന് പ്രസ്താവിക്കണമല്ലോ എന്ന് നമ്മുടെ ഹൃദയം ത്രസിച്ചുകൊണ്ടിരിക്കും. ദൈവവേലയ്ക്കായി നമ്മെത്തന്നെ ദൈവകരങ്ങളിലേക്ക് സമർപ്പിക്കാം. ഇനിയുള്ള ആയുസ്സ് യേശുവിനു കൊടുക്കാം. എരിഞ്ഞുതീരുന്നതുവരെ ഒരു മെഴുകുതിരിയായി വെളിച്ചം കൊടുത്തുകൊണ്ടിരിക്കാം.

ക്രിസ്തുവിനുവേണ്ടി ആക്ഷേപവും അപഹാസവും ഒറ്റപ്പെടുത്തലുകളും മിഥ്യാപവാദങ്ങളും സഹിച്ച വിശുദ്ധന്മാരുടെ രക്തമാണ് എക്കാലത്തും ക്രൈസ്തവസഭയുടെ ആവേശം. നിർമ്മലസുവിശേഷം പ്രചരിപ്പിക്കാൻ പ്രയത്നിച്ച മാർട്ടിൻ ലൂഥറിനെ വത്തിക്കാൻ വേട്ടയാടി. ജോൺ കാൽവിനും ജോൺ നോക്സും ക്രൈസ്തവരക്തസാക്ഷികളുടെ നിരയിലെ അണയാത്ത ദീപങ്ങളത്രേ.

ആണ്ടിലൊരിക്കൽ പെരുന്നാളിനോടനുബന്ധിച്ച് ഒരു കൺവൻഷൻ നടത്തി സുവിശേഷവേലചെയ്തു എന്നഭിമാനിക്കുന്ന ഒരു സമൂഹത്തിൽ, സുവിശേഷത്തെ പുച്ഛത്തോടെ നിന്ദിക്കുന്ന ആത്മീയ (?) മേഖലകളിൽ നിർമ്മലസുവിശേഷം നൽകി, ക്രിസ്തുവിന്റെ രണ്ടാമത്തെ വരവിനുവേണ്ടി സമൂഹത്തെ ഒരുക്കുന്ന മഹത്വമേറിയ ശുശ്രൂഷ നിർവ്വഹിക്കുന്ന, സ്ഥാപിത താത്പര്യമില്ലാതെ ദൈവവചനം പ്രഘോഷിക്കുന്നവർക്ക് ഇന്ന് അവഹേളനവും തിരസ്ക്കരണവും ലഭിക്കുന്നു എന്നുള്ളത് സങ്കടകരമാണ്.

ഡോ. വാൻസ് ഹാവ്നർ ആത്മീയ ശുശ്രൂഷയെക്കുറിച്ച് പറഞ്ഞിരിക്കുന്നത് വളരെ ശ്രദ്ധേയമാണ്: Spiritual immunities often go through four stages: a man, a movement, a machine and then a monument."

നമ്മുടെ ആത്മീയപ്രവർത്തനങ്ങൾ ഫലപ്രാപ്തിയിലെത്തണമെങ്കിൽ നിസ്വാർത്ഥമായ, നിസ്തന്ദ്രമായ യത്നവും വ്യക്തമായ ലക്ഷ്യബോധവും ഉണ്ടായിരിക്കണം. സ്വന്തം സ്ഥാനവും നിലയും വിലയും നിസ്സാരമെന്നെണ്ണി ക്രിസ്തുവിന്റെ മഹത്വം മാത്രം ലാക്കാക്കി പ്രവർത്തിക്കുന്ന ആത്മീയ ശുശ്രൂഷകൾ കാലാതിവർത്തിയായി നിലകൊള്ളും.

◎

യുവലോകം - 56

ഫാ. ഡോ. തോംസൺ റോബി

നിയന്ത്രണ വിധേയമായ മനസ്സ് ഉണ്ടാകണം

"ചിത്തമാം വലിയ കീഴമ-
ർന്നത്തൽ തീർന്ന യമി
തന്നെ ഭാഗ്യവാൻ"

എന്ന കവി വാക്യം അർത്ഥപൂർണ്ണമാണ്. മനുഷ്യന്റെ ഏറ്റവും വലിയ ശത്രു മനസ്സാണെന്നും അതിനെ നിയന്ത്രണവിധേയമാക്കിയ യമി അഥവാ മുനി തന്നെയാണ് ഭാഗ്യവാനെന്നും ആണ് കുമാരനാശാന്റെ ഈ ഈരടികൾക്ക് അർത്ഥം. ഇന്ന് മനുഷ്യൻ വളരെ തിരക്കുള്ളവനാണ്. അതോടൊപ്പം ഏതു ദുഷ്ടതയും ചെയ്യുവാൻ മടിയില്ല എന്നതും വസ്തുതയാണ്. കാരണം, "മനഃസാക്ഷി" എന്നുള്ള വിവക്ഷയുടെ അർത്ഥതലങ്ങളെ നാം മറന്നുപോയിരിക്കുന്നു. ഒരു വ്യക്തിയുടെ അമൂല്യമായ സമ്പത്ത് നിയന്ത്രണവിധേയമായ മനസ്സാണ്. എന്നാൽ നേടാൻ ഏറ്റവും ബുദ്ധിമുട്ടുള്ള കാര്യവും അതാണ്. ഇന്ദ്രിയങ്ങളും മനസ്സും മനുഷ്യന് നിയന്ത്രണവിധേയമായാൽ ആ വ്യക്തി ദേവതുല്യനായിതീരുന്നു എന്നതാണ് പ്രപഞ്ചസത്യം.

"തൂവിപ്പോയ പാലിനുവേണ്ടി കരയരുത്" എന്നുള്ള ആദർശവാക്യം നമുക്കറിയാമെങ്കിലും തൂവിപ്പോയ പാലിനുവേണ്ടി കരഞ്ഞുകൊണ്ടിരിക്കുന്നവരാണ് നമ്മളിൽ പലരും. ഇതു നമ്മുടെ മനസ്സിന്റെ ശാന്തിയേയും സുഖത്തേയും ഹനിക്കുന്നു. ഭൂതകാലത്തെ ഓർത്ത് നെടുവീർപ്പ് ഇടുകയും തുടർന്ന് മനസ്സിനെ അശാന്തിയുടെ തീരത്തേക്ക് എത്തിക്കുകയും ചെയ്യുന്നു. "പ്രവൃത്തി ചെയ്യാതെ ചിന്തിച്ചുകൊണ്ടിരിക്കുന്നവൻ തന്റെ മനസ്സിനെ ദുഷിപ്പിക്കുന്നു" എന്ന് ഒരു ദാർശനികൻ പറഞ്ഞിട്ടുണ്ട്. തന്റെ ജീവിതപ്രാരാബ്ധങ്ങളിൽപ്പെട്ടുഴലുന്ന മനുഷ്യന് പ്രതികൂലതകളിൽ മുന്നോട്ടു പോകുവാൻ കഴിയാതെ വരുന്ന അവസരങ്ങൾ അനവധിയാണ്. എത്ര കനത്ത കൂരിരുട്ടായാലും അതിനെ ഭേദിച്ച് കടന്നുപോകാനുള്ള വഴി മിന്നാമിനുങ്ങുകൾ കണ്ടെത്തും. അതിന്റെ ഉള്ളിലുള്ള വെളിച്ചമാണ് അതിനെ വഴി കാട്ടിക്കൊടുക്കുന്നത്. ഇതുപോലെ മനസ്സിന്റെ ലോലഭാവങ്ങളെ താലോലിച്ച് സങ്കീർണ്ണമാക്കുമ്പോൾ അവനവനിലുള്ള വെളിച്ചം വഴികാട്ടണം. ആ വെളിച്ചം ദൈവം തന്നെ. "ഞാൻ വെളിച്ചമാകുന്നു, ഞാൻ ജീവനാകുന്നു" എന്ന് അരുമനാഥനായ ക്രിസ്തു പറഞ്ഞിട്ടുണ്ട്. ഈശ്വരന്റെ പ്രകാശവും ചൈതന്യധാരയും കൊണ്ടു നമ്മുടെ ജീവിതം നിറയാതെ നമുക്കു ഫലപ്രദമായി എന്തെങ്കിലും ഈ ലോകത്തിൽ ചെയ്യുവാൻ സാധ്യമല്ല.

നാം മനസ്സിനെ നമ്മുടെ യജമാനനാക്കിയിരിക്കുകയാണ്. ആത്മീയ വെളിച്ചം നഷ്ടപ്പെട്ട ഇടത്തിൽ അന്ധകാരം വന്നു വസിക്കുവാൻ ഇടയാകും. "കണ്ണു ചൊവ്വുള്ളതെങ്കിൽ ശരീരം മുഴുവൻ പ്രകാശിതമായിരിക്കും" എന്ന ക്രിസ്തുവാക്യം ശ്രദ്ധേയമാണ്. ഇരുട്ട് നമ്മുടെ വ്യക്തിത്വത്തെ ബാധിക്കും. അതിനാൽ ഇരുട്ടിനെ മാറ്റിക്കളഞ്ഞ് പ്രകാശവസ്ത്രം ധരിക്കണം. "കാളകൂടത്തെ അമൃതാക്കാം" എന്ന ചൊല്ല് കേട്ടിരിക്കും. ജീവിതം ഒരു ഉല്ലാസയാത്രയാണെന്നു പലരും കരുതുന്നു. പെട്ടെന്നായിരിക്കും ജീവിതത്തിൽ കാറ്റും കോളും ഉണ്ടാവുക. അവിടെ പതറാതെ നിൽക്കുവാൻ കഴിയണം.

◎

ജീവിതം ഐശ്വര്യസമൃദ്ധമാകുവാൻ സാധിക്കുന്ന അത്ഭുതകരമായ ഒരു ശക്തി നമ്മിൽ അന്തർലീനമായിട്ടുണ്ട്. ആ ശക്തി പ്രയോജനപ്രദമായ രീതിയിൽ പ്രയോഗിക്കുന്നതിനുള്ള മാർഗ്ഗങ്ങളും ചിന്തകളും നമ്മിൽ ഉണ്ടാകണം. സ്വയം അറിയാതെ തന്നെ ഓരോരുത്തരും അവരവരുടെ ആത്മബിംബങ്ങൾ മെനഞ്ഞെടുക്കുന്നുണ്ട്. ഇവിടെ മനസ്സാക്ഷിയും ചിന്തകളും പ്രധാന ഭാഗധേയം നിർണ്ണയിക്കുന്നു. നിരന്തരമായ ചിന്തകളാണ് പ്രവൃത്തികളായി മാറുന്നത്. "സങ്കീർണ്ണത നിറഞ്ഞ ഏതു പ്രശ്നത്തിന്റേയും യഥാർത്ഥ സ്ഥിതിയേക്കാൾ പ്രാധാന്യമർഹിക്കുന്നത് നിങ്ങൾ അതിനോട് വച്ചുപുലർത്തുന്ന മനോഭാവമാണ്. പ്രശ്നത്തെക്കുറിച്ച് നിഷേധാത്മക ചിന്തകളാണ് നിങ്ങൾക്കുള്ളതെങ്കിൽ പരാജയമായിരിക്കും സംഭവിക്കുക. ശുഭാപ്തി വിശ്വാസവും ക്രിയാത്മക മനോഭാവവും ഉള്ളവരാണ് നിങ്ങൾ എങ്കിൽ വിജയമായിരിക്കും ഫലം", എന്ന് Norman Vincent Peale-ന്റെ "The Power of Positive Thinking"എന്ന പുസ്തകത്തിൽ പറയുന്നു. നമ്മുടെ മനസ്സാക്ഷിക്ക് യുക്തമെന്നു തോന്നുന്നതു ചെയ്ത് അത് മറ്റുള്ളവർക്ക് ഉപകാരപ്രദമാകുമ്പോൾ നമ്മുടെ പ്രവൃത്തി പ്രകാശമയമായിരിക്കും.

മനുഷ്യന്റെ സുഖദു:ഖങ്ങൾക്കെല്ലാം കാരണം മനസ്സാണ്. നമ്മുടെ ഏറ്റവും അടുത്ത മിത്രവും പ്രബലമായ ശത്രുവും മനസ്സാണ്. അതിനെ മെരുക്കി വരുതിയ്ക്ക് കൊണ്ടുവരുന്നവരാണ് യഥാർത്ഥ മഹാന്മാർ. മനസ്സ് നമ്മെ നിയന്ത്രിക്കുവാൻ അനുവദിക്കരുത്. മനസ്സിനെ നമ്മൾ നിയന്ത്രിക്കണം. അതിന് അവിടെ പ്രകാശം പരത്തുന്ന അനുഭവമുണ്ടാകണം. എബ്രഹാം ലിങ്കൺ വളരെയധികം ആഹ്ളാദവാനായിരുന്ന ഒരവസരത്തിൽ അദ്ദേഹത്തിന്റെ സന്തോഷത്തിന്റെ രഹസ്യമെന്താണെന്ന് ഒരാൾ ചോദിച്ചു. അദ്ദേഹം പറഞ്ഞ മറുപടി "We are as happy as we make our minds to be" എന്നായിരുന്നു. നമ്മുടെ സന്തോഷം നാം എപ്രകാരം നമ്മുടെ മനസ്സിനെ ക്രമീകരിക്കുന്നു എന്നാശ്രയിച്ചായിരിക്കും.

രാവിലെ ഉണർന്നാലുടൻ നമ്മുടെ മനസ്സിൽ "I am happy, I am happy"എന്നു പലവുരു ഉരുവിട്ടാൽ ആ ദിവസം സന്തോഷമായിരിക്കും എന്നു മനശ്ശാസ്ത്രജ്ഞന്മാർ പറയാറുണ്ട്. ഇന്നത്തെ യുവസമൂഹത്തിന് നഷ്ടപ്പെട്ടിരിക്കുന്നത് മനസ്സിനെ നിയന്ത്രിക്കുവാനുള്ള കഴിവാണ്. ഇങ്ങനെയുള്ളവർക്ക് വിജയം കണ്ടെത്താനാവില്ല. തികഞ്ഞ ഇച്ഛാശക്തിയോടെ മനസ്സിനെ നിയന്ത്രിക്കുവാൻ യുവസമൂഹം ശ്രമിക്കണം. അപ്പോൾ പ്രകാശപൂരിതമായ ജീവിത വിജയം കണ്ടെത്തുവാൻ സാധിക്കും. മനസ്സ് കർമ്മവാസനകളുടെ ഉറവിടമാണ്. അവിടെ ജീവിതത്തിൽ വിജയം നമ്മെ തേടിയെത്തും. അതിന് ബുദ്ധിപൂർവ്വമായ, ക്ഷമയോടുകൂടിയ, നിരന്തരമായ, കഠിനയത്നം ആവശ്യമാണ്.

യുവസമൂഹം പ്രകാശപൂരിതമായ ജീവിതം നയിക്കുവാൻ മനസ്സാക്ഷിയുടെ വിളി കേൾക്കുവാൻ ശ്രമിക്കുക. വിജയം നമ്മെ തേടിയെത്തും.

കാൽപാടുകൾ - 32

ഫാ. ജോണി ജോർജ്ജ് കോർഎപ്പിസ്കോപ്പാ

കൂദാശാനുഷ്ഠാനങ്ങൾ ഓർത്തഡോക്സ് പാരമ്പര്യത്തിൽ

കൂദാശകൾക്ക് (Sacraments) പ്രഥമമായ സ്ഥാനമാണ് ഓർത്തഡോക്സ് പാരമ്പര്യത്തിലുള്ളത്. 'കൂദാശ' ഒരു വേദപുസ്തക പദമല്ല – ലത്തീൻ ഭാഷയിൽ 'Sacramentum' എന്ന പദമാണ്. Sacrare (ഫ്രഞ്ച്) ശുദ്ധീകരിക്കുക (consecrate) എന്നർത്ഥം. കൂദാശയ്ക്ക് വി. ആഗസ്തീനോസ് നൽകിയ നിർവ്വചനം ഇങ്ങനെയാണ്: "The visible form of an invisible grace" (കാണാവതല്ലാത്ത കൃപയുടെ പ്രത്യക്ഷരൂപം) Signs pertaining to things divine are called sacraments (ദൈവികമായ സംഗതികളുടെ അടയാളമാണ് കൂദാശ) എന്നും അദ്ദേഹം പറയുന്നു. "മനുഷ്യരെ ശുദ്ധീകരിക്കുന്ന വിശുദ്ധ സംഗതികളുടെ അടയാളം" എന്നാണ് സെന്റ് തോമസ് അകിനാസ് നൽകുന്ന നിർവ്വചനം. സഭാപിതാവായ ജോൺ ക്രിസോസ്റ്റം പറയുന്നത് ശ്രദ്ധിക്കുക: കൂദാശകൾ രഹസ്യസ്വഭാവം ഉള്ളവയാണ് (Mysteries). പുറമെ കാണുന്നതല്ല വിശ്വാസത്തിന് ആധാരമായിരിക്കുന്നത്. നമ്മൾ പുറമെ ഒന്നു കാണുന്നു. എന്നാൽ വിശ്വസിക്കുന്നത് മറ്റൊന്ന്. ഒരു വിശ്വാസി മനസ്സിലാക്കുന്നതുപോലെയല്ല ഒരു അവിശ്വാസി മനസ്സിലാക്കുന്നത്. കാണപ്പെടുന്നതും കാണപ്പെടാത്തതുമായ അർത്ഥതലങ്ങൾ കൂദാശകളെ സംബന്ധിച്ചുണ്ട്. ഉദാഹരണത്തിന് മാമോദീസായിൽ വെള്ളത്തിലുള്ള സ്നാനം ആന്തരികമായ പാപത്തെ കഴുകിക്കളയുന്നതിന്റെ അടയാളമാണ്. വി. കുർബ്ബാനയിൽ ഉപയോഗിക്കുന്ന അപ്പവീഞ്ഞുകൾ കേവലം അപ്പവീഞ്ഞുകൾ മാത്രമായല്ല വിശ്വാസി സ്വീകരിക്കുന്നത്; അവ ക്രിസ്തുവിന്റെ ശരീരവും രക്തവുമാണ്.

വെള്ളം, അപ്പം, വീഞ്ഞ്, എണ്ണ ഇങ്ങനെയുള്ള ഭൗതികവസ്തുക്കളാണ് കൂദാശകളിൽ ഉപയോഗിക്കുന്നത്. അവയിൽ പരിശുദ്ധാത്മാവിന്റെ ആവാസം ഉണ്ടാകുന്നു. ദൈവപുത്രന്റെ മനുഷ്യാവതാരം 'ജഡം' ധരിച്ചുകൊണ്ടായിരുന്നു ഉണ്ടായത്. അതുപോലെയാണ് കൂദാശകളിൽ സംഭവിക്കുന്നത്. കൂദാശകളിലെ ഭൗതികത്വം (materiality) ഓർത്തഡോക്സ് പാരമ്പര്യത്തിൽ വളരെ ദൃഢമാണ്. ആത്മ ശരീര മനസ്സുകൾ ഉള്ളവരാണ് മനുഷ്യർ. അതുകൊണ്ട് കൂദാശാനുഷ്ഠാനങ്ങളിലും ഇവ മൂന്നിന്റെയും പങ്കാളിത്തമുണ്ട്. മനുഷ്യപ്രയത്നം എല്ലാ കൂദാശകളിലുമുണ്ട്. അപ്പവീഞ്ഞുകൾ മനുഷ്യനിർമ്മിതമാണ്. പ്രകൃതിയിൽ നിന്ന് എടുക്കപ്പെട്ടവയാണ്. മാമോദീസ, തൈലാഭിഷേകം മുതലായ കൂദാശകളിലും ഈയൊരു അടിസ്ഥാനം സ്പഷ്ടമാണ്. കുമ്പസ്സാരത്തിൽ വൈദികൻ തലയിൽ കൈവച്ച് പ്രാർത്ഥിച്ചുകൊണ്ടാണ് പാപമോചനം നൽകുന്നത്. ശവസംസ്കാരം ഒരു കൂദാശയല്ല. പക്ഷേ, ഒരു കാര്യം ശ്രദ്ധേയമാണ്. മൃതശരീരം തുറന്നുവച്ചാണ് പ്രാർത്ഥനകൾ നടത്തുന്നത്. 'അന്ത്യചുംബനം' കൊടുത്തതിന് ശേഷമാണ് സംസ്കരിക്കുന്നത്. മണ്ണിട്ട് മൂടുന്നതുവരെ മരിച്ചയാൾ ജീവിച്ചിരിക്കുന്നവരുടെ സമൂഹത്തിലെ അംഗമാണ്. കബറിങ്കൽ നടത്തുന്ന ധൂപപ്രാർത്ഥന, ശ്രാദ്ധം, ഓർമ്മക്കുർബ്ബാനകൾ ഇവയെല്ലാം മരണപ്പെട്ടവരുടെ ജീവിതത്തെ അംഗീകരിച്ചുകൊണ്ടുള്ളവയാണ്.

ഓർത്തഡോക്സ് സഭകൾ അംഗീകരിക്കുന്നത് ഏഴ് കൂദാശകളാണ്: മാമോദീസ,

വി. കുർബ്ബാന, വി. മൂറോൻ, കുമ്പസ്സാരം, പട്ടത്വം, വിവാഹം, രോഗികളുടെ തൈലാഭിഷേകം. എന്നാൽ ഇവയെല്ലാം തുല്യപ്രാധാന്യമുള്ള കൂദാശകളാണെന്ന് ധരിക്കേണ്ടതില്ല. എല്ലാ കൂദാശകളുടേയും 'രാജ്ഞി' യായി വി. കുർബ്ബാന അറിയപ്പെടുന്നു. വി. കുർബ്ബാനയോടൊന്നിച്ച് പ്രമുഖമായ സ്ഥാനം മാമോദീസായ്ക്ക് നൽകുന്നുണ്ട്. ഇവയ്ക്കൊപ്പമായ സ്ഥാനം രോഗികളുടെ തൈലാഭിഷേകത്തിന് കൊടുക്കാനാവില്ല.

ഈ ഏഴ് കൂദാശകൾക്കൊപ്പം വിശ്വാസി പ്രാധാന്യം കൊടുത്ത് 'കൂദാശ'കളെന്ന പേരിൽ നടപ്പാക്കിവരുന്ന ചില കർമ്മങ്ങളുണ്ട്. ഉദാ: ഭവനകൂദാശ, പള്ളികൂദാശ, വാഹനകൂദാശ, സ്ഥാപനകൂദാശ, കുരിശ്കൂദാശ തുടങ്ങിയവ. ദൈവികാനുഗ്രഹത്തിന്റെ വഴികളായി (channels) ഈ കർമ്മങ്ങളെ കാണാമെങ്കിലും 'കൂദാശ' എന്ന് കണക്കാക്കുന്നത് തെറ്റാണ്. 'വാഴ്വ്' എന്ന പദമായിരിക്കും അനുയോജ്യം. 'പള്ളികൂദാശ' എന്ന പ്രയോഗത്തിന് ഒരുപക്ഷേ തെറ്റുപറയാനൊക്കുകയില്ല. മാമോദീസായ്ക്ക് ഉപയോഗിക്കുന്ന മൂറോൻ തന്നെയാണല്ലോ പള്ളികൂദാശയിൽ ഉപയോഗിക്കുന്നത്.

(അടുത്ത ലക്കം മുതൽ: വ്യത്യസ്തകാലങ്ങളിൽ സഭയെ നയിച്ചവർ ◎

നിശ്ശബ്ദം, നിസ്വാർത്ഥം
സഭയുടെ അഭിമാനം കാത്ത അണിയറ ശില്പികൾ

ഇരുപതാം നൂറ്റാണ്ടിൽ മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയിൽ, കറുത്ത കാശുള്ള ചില കശ്മലന്മാർ ബോധപൂർവ്വം സൃഷ്ടിച്ച പ്രതിസന്ധികളെ നിശ്ശബ്ദ സുന്ദരമായും നിസ്വാർത്ഥമായും അതേസമയം സുശക്തമായും ഫലപ്രദമായും നേരിടാൻ തങ്ങളുടെ വിലപ്പെട്ടതും കളങ്കരഹിതവും സുതാര്യവുമായ ജീവിതം സമർപ്പിക്കുകയും വിവിധ ആധ്യാത്മിക മേഖലകളെ പരിപോഷിപ്പിക്കുകയും പരിരക്ഷിക്കുകയും സഭയെ പാറമേൽ പണിത ഭവനം പോലെ ഭദ്രമാക്കുകയും ചെയ്ത എട്ടു സുമനസ്സുകളുടെ ത്യാഗനിർഭരവും പ്രചോദനപരവുമായ ജീവചരിത്രം പല മാന്യ സുഹൃത്തുക്കളുടെ നിർദ്ദേശപ്രകാരം ഒറ്റ വാല്യമായി പ്രസിദ്ധീകരിക്കുന്നു.

എട്ടു ജീവചരിത്രങ്ങൾ

1. പ. ഔഗേൻ പ്രഥമൻ കാതോലിക്കാ ബാവ
2. മൂക്കഞ്ചേരിൽ പത്രോസ് മാർ ഒസ്താത്തിയോസ്
3. പാത്താമുട്ടം മാളികയിൽ എം. സി. കുറിയാക്കോസ് റമ്പാൻ
4. വൈദിക സെമിനാരി പ്രിൻസിപ്പലും പ. വട്ടശ്ശേരിൽ ഗീവറുഗീസ് മാർ ദിവന്നാസ്യോസ് തിരുമേനിയുടെ സെക്രട്ടറിയും മാങ്ങാനം എബനേസർ ദയറാ സ്ഥാപകനും ആയിരുന്ന വാഴൂർ ചെറിയമഠത്തിൽ സി.ജെ.സ്ക്കറിയാ മല്പാൻ
5. പ. വട്ടശ്ശേരിൽ തിരുമേനിയുടെ വിശ്വസ്ത സെക്രട്ടറിയും സമുദായക്കേസുകളുടെ ചുക്കാൻ ചുറുചുറുക്കോടെ പിടിച്ച സമുന്നത വൈദികനുമായ മണലിൽ യാക്കോബ് കത്തനാർ
6. സണ്ടേസ്കൂൾ പ്രസ്ഥാനത്തിന്റെ വായും തൂണും ശക്തനായ വക്താവും സെമിനാരി പ്രിൻസിപ്പലും കോട്ടയം മാർ ഏലിയാ ചാപ്പൽ വികാരിയും ആയിരുന്ന ചന്ദനപ്പള്ളി മാവേലിൽ ഫാ. കെ. ഡേവിഡ് കോർഎപ്പിസ്ക്കോപ്പാ
7. മലങ്കരസഭയുടെ സ്വർഗ്ഗീയ കിന്നരമായ സഭാകവി വെണ്ണിക്കുളം സി.പി.ചാണ്ടി
8. കോട്ടയം ദേവലോകം കാതോലിക്കേറ്റ് അരമന, കോലഞ്ചേരി മലങ്കര മെഡിക്കൽ മിഷൻ ആശുപത്രി, പ്രശസ്തമായ പുതിയ കോലഞ്ചേരിപള്ളി, സെന്റ് പീറ്റേഴ്സ് കോളജ് മുതലായവ നിർമ്മിച്ച് സഭാകേന്ദ്രത്തിന്റെയും കോലഞ്ചേരിയുടെയും മുഖഛായ മാറ്റിയ ഭക്തനും സമുന്നത കോൺട്രാക്ടറും ശില്പിയും ആയ എം.ചാക്കോപ്പിള്ള എന്നിവരാണ് പുണ്യചരിതരായ എട്ടു പേർ.

അവതാരിക: ഫാ. ഡോ. ജേക്കബ് കുര്യൻ
(വൈദിക സെമിനാരി മുൻ പ്രിൻസിപ്പൽ)

പുസ്തക സഞ്ചയ പ്രകാശനം **2019 നവംബർ 11-ന്, വില 500 രൂപ (പ്രീ പബ്ലിക്കേഷൻ വില 300 രൂപ. രജി. പോസ്റ്റേജ് ഫ്രീ. ഒക്ടോബർ 30 വരെ)**

പുസ്തകം ആവശ്യമുള്ള സഭാസ്നേഹികളും സ്ഥാപനങ്ങളും 300 രൂപ പണമായോ ചെക്കായോ **കെ. വി. മാമ്മൻ കോട്ടയ്ക്കൽ, പി. ബി. 10, മാങ്ങാനം പി. ഒ. കോട്ടയം - 686 018** എന്ന വിലാസത്തിൽ അയയ്ക്കുക.ഫോൺ:0481-2578936.മൊബൈൽ: 7034266992. മാങ്ങാനം എസ്.ബി.ഐ.യിലെ എന്റെ എസ്.ബി. അക്കൗണ്ടായ 57002799836-ലും പണം അടച്ച് മേൽവിലാസവും മറ്റും അറിയിക്കാം. IFSC - SBIN0070471

ബോധനം

ജേക്കബ് ഉമ്മൻ



പ്രകൃതി നൽകുന്ന പാഠം

ലോകത്തിലെ ഓരോരോ സംഭവങ്ങളിൽ നിന്നും നമുക്ക് പാഠങ്ങൾ ഉൾക്കൊള്ളുവാനുണ്ട്. ദുരന്തങ്ങളിലും സന്ദേശം ഒളിഞ്ഞിരിപ്പുണ്ട്. ആ സന്ദേശവും അതു പഠിപ്പിക്കുന്ന പാഠവും ഗ്രഹിക്കുവാൻ നമുക്കു കഴിയണം. ഈ കാണുന്നതെല്ലാം എപ്പോൾ വേണമെങ്കിലും ഇല്ലാതാകാം എന്നത് ഓർമ്മയിലുണ്ടാകണം. മനുഷ്യന്റെ അഹന്തയല്ല, ദൈവത്തിന്റെ ശക്തിയാണ് സകലതും നിയന്ത്രിക്കുന്നത് എന്ന് അറിയണം. പ്രതികൂല സാഹചര്യങ്ങൾ ആരെയെങ്കി ലും കുറ്റപ്പെടുത്താനോ, സ്വയം പഴിക്കാനോ ഉള്ളതല്ല. നേരേമറിച്ച്, തളരാതെ, വിവേകബുദ്ധിയോടെ അവയെ നേരിടാനും അതിജീവിക്കുവാനുമാണ് മനസ്സിനെ പഠിപ്പിക്കേണ്ടത്. ദുഃഖിച്ചിരുന്നിട്ട് കാര്യമില്ലല്ലോ.

ഒരു വർഷം മുമ്പ് പ്രളയം ഏറെ നാശം വിതച്ച ചെങ്ങന്നൂർ പ്രദേശത്ത് താമസിക്കുന്ന ഒരു വ്യക്തിയാണ് ഞാൻ. ദുരിതാശ്വാസ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടപ്പോൾ മനസ്സു മരവിച്ചുപോയ ഒട്ടനേകം കാഴ്ചകൾ നേരിൽ കണ്ടു. ഒരു ക്യാമ്പിൽ വളരെ പ്രായംചെന്ന ഒരാളുടെ കയ്യിൽ കുറെ സാ ധനങ്ങൾ നൽകിയപ്പോൾ അയാൾ വാവിട്ടു കരഞ്ഞു. എന്നിട്ടു ചോദിക്കയാണ്: "ദൈവമേ ഞാനിതാർക്ക് കൊടുക്കുവാനാണ്? ഇതു വാങ്ങിച്ച് ആഹാരം വച്ചുതരുവാൻ എനിക്കിനി ആരാണുള്ളത്?" ജലപ്രളയത്തിൽ വീടു നശിച്ചു, വീട്ടിലുണ്ടായിരുന്നവർ മരിച്ചു. ആ മനുഷ്യന്റെ വേദന ഒരിക്കലും മറക്കുവാൻ കഴിയുന്നില്ല.

ജീവിതത്തിൽ ദുരന്തങ്ങൾ എപ്പോൾ വേണമെങ്കിലും സംഭവിക്കാം. എന്റേത് എന്നു പറയുന്ന എല്ലാം ഏതു നിമിഷവും നഷ്ടമായേക്കാം. മനുഷ്യൻ നിർമ്മിച്ച കൂറ്റൻ കൊട്ടാരങ്ങളും ഗോപുരങ്ങളും പ്രകൃതിക്ഷോഭത്തിൽ ചീട്ടുകൊട്ടാരം പോലെ തകർന്നു വീണു നശിക്കുന്നു. മനുഷ്യപ്രയത്നത്തിന്റെ പരിമിതിയും ദൈവികശക്തിയുടെ അപരിമിതത്വവുമാണ് ഇത് കാണിക്കുന്നത്. ജീവിതത്തിനു പൂർണ്ണത കൈവരുന്നത് പ്രയത്നവും ദൈവകൃപയും കൂടിച്ചേരുമ്പോഴാണ്. എത്ര പ്രയത്നിച്ചാലും ദൈവകൃപയില്ലെങ്കിൽ ഫലമുണ്ടാകുകയില്ല.

അഹങ്കാരം കൊണ്ട് അന്ധനാകുമ്പോൾ മനുഷ്യനു ധർമ്മബോധം നഷ്ടമാകുന്നു. അതോടെ അവൻ സ്വാർത്ഥലാഭത്തിനായി ശ്രമിക്കുന്നു. പ്രകൃതിയെ ചൂഷണം ചെയ്യുമ്പോൾ അതിന്റെ താളലയം നഷ്ടമാകയും ദുരന്തങ്ങൾ സംഭവിക്കുകയും ചെയ്യും.

ഹൃദയം കൊണ്ടു പ്രാർത്ഥിക്കുവാനും കൈകൾകൊണ്ടു സേവനനിരതരാകുവാനും നമ്മൾ സന്നദ്ധരാകണം. മനസ്സുതുറന്ന് മറ്റുള്ളവരെ മനസ്സിലാക്കുവാനും അവരുടെ ദുഃഖങ്ങൾ പങ്കുവയ്ക്കാനും തയ്യാറാകുമ്പോൾ നമ്മുടെ ദൗർബല്യങ്ങൾ ഒന്നൊന്നായി ഇല്ലാതാകും. ക്രമേണ നമുക്കും സമൂഹത്തിനും വളർച്ചയും പുരോഗതിയും ഉണ്ടാകും.

◎



Rajagiri Telemedicine Services

CONSULT WITH YOUR DOCTOR FROM THE COMFORT OF YOUR HOME

Telemedicine service is to help patients save on travel cost and stay in touch with their doctors from wherever they are. The services can be availed between 9.00am to 5.00pm IST. Please ensure a laptop with high speed internet is available at your end Consultation timings will be mutually fixed, based on doctors available time schedule. For any Emergency situation, patient should be taken to the nearby Hospital.

To book a telemedicine appointment email to **telemedicine@rajagirihospital.com** or **Whatsapp to +91-7356600884 (messages only)** for more details visit **www.rajagirihospital.com,** or call: **+ 91 484 29 05 040**

Rajagiri Hospital

We care. We cure

Chunangamvely, Aluva, Kochi, Kerala, India
mail@rajagirihospital.com,
+91 484 29 05 000

www.rajagirihospital.com

Rajagiri Hospital Kochi
Rajagiri hospital

നിയമചിന്ത

അഡ്വ. വർഗീസ് പി. തോമസ്

അപകീർത്തികരമായ കലാസൃഷ്ടിക്ക് പുരസ്കാരം നൽകാമോ ?

ആവിഷ്കാര സ്വാതന്ത്ര്യത്തിന്റെ പേരിൽ അപകീർത്തികരമായ കലാസൃഷ്ടി നടത്താമെന്ന് ആരും വ്യാമോഹിക്കരുത്. അതിരുവിട്ടാൽ പുരസ്കാരം നേടിയ സൃഷ്ടികർത്താവും പുരസ്കാരം നൽകുന്ന സ്ഥാപനവും ക്രിമിനലായും സിവിൾ ആയുമുള്ള നിയമങ്ങൾക്കു വിധേയരാകുവാൻ സാധ്യതയുണ്ട്. ഇന്ത്യൻ ശിക്ഷാനിയമം 499-ാം വകുപ്പനുസരിച്ച് അത് കുറ്റകരവും ശിക്ഷാർഹവുമായ പ്രവൃത്തിയാണ്. സിവിൽ നപടി നിയമപ്രകാരം അപമാനം ഏൽക്കുന്ന ആളിന് നഷ്ടപരിഹാരം നൽകുവാൻ കടമയുണ്ട്. കലാസൃഷ്ടി അപകീർത്തികരമാകുമ്പോഴാണ് അത് ഈ നടപടികൾക്ക് വിധേയമാകുന്നത്.

വളരെയധികം ചർച്ചാവിഷയമായ ഒന്നാണ് ഇപ്പോൾ നടക്കുന്ന കാർട്ടൂൺ വിവാദം. തുടർച്ചയായി സോഷ്യൽ മീഡിയായിൽ വാർത്തകൾ വന്നുകൊണ്ടിരിക്കുന്നു. ചാനൽ ചർച്ചകൾ ക്രൈസ്തവ സഭകളെ അപമാനിക്കുവാനുള്ള അവസരങ്ങളായി പലരും എടുത്തുപയോഗിക്കുന്നു. കത്തോലിക്കാ സഭ മാത്രമാണ് ഇതിനോടു ക്രിയാത്മകമായി പ്രതിഷേധിച്ചു കണ്ടത്. ഇതര സഭകൾ എന്തുകൊണ്ട് മൗനം പാലിക്കുന്നു എന്നറിയില്ല.

ലളിതകലാ അക്കാദമി തെരഞ്ഞെടുത്ത ആക്ഷേപകരമായ കാർട്ടൂൺ, പ്രകോപനപരമാണ്; ക്രിസ്തീയമതപ്രതീകങ്ങളെ അവഹേളിക്കുകയെന്ന ലക്ഷ്യവും അതിൽത്തന്നെയുണ്ട്. ബിഷപ് ഫ്രാങ്കോയുടെ പേരുപറഞ്ഞ് ക്രൈസ്തവ വിശ്വാസപ്രതീകമായ 'നല്ലയിടയന്റെ' രൂപത്തെയാണ്, കുരിശിനു പകരം അപമാനകരമായ ചിഹ്നം വരച്ച് അവഹേളിച്ചിരിക്കുന്നത്. ഫ്രാങ്കോയുടെ പേരുപറഞ്ഞ് അപമാനിക്കുക മാത്രമല്ല, അംശവടിയിൽ അടിവസ്ത്രം ചിത്രീകരിച്ചതിലൂടെ ക്രൈസ്തവ ചിന്തകളെ ഇകഴ്ത്തുകകൂടി ചെയ്തിരിക്കുന്നു.

അംശവടിയുടെ പശ്ചാത്തലം അറിഞ്ഞെങ്കിൽ മാത്രമേ ഇതിന്റെ പ്രാധാന്യം ക്രൈസ്തവർക്കും ഇതര മതസ്ഥർക്കും അനുഭവവേദ്യമാകുകയുള്ളൂ. അംശവടി ഉപയോഗിക്കുന്നത് അപ്പോസ്തൊലിക സഭയിലെ മേൽപട്ടക്കാരായ ബിഷപ്പന്മാരും, എപ്പിസ്കോപ്പാമാരുമാണ്. ഇത് ഇടയ സ്ഥാന ചിഹ്നമായ തല വളഞ്ഞ വടിയാണ്. തടിയിലും വെള്ളിയിലും ഈ വടി നിർമ്മിക്കാറുണ്ട്. സംരക്ഷണത്തിന്റെയും അജപാലനത്തിന്റെയും പ്രതീകമായി ഇതിനെ കരുതിവരുന്നു. പൗരസ്ത്യസഭകളിലെ മേൽപട്ടക്കാരുടെ അംശവടിയുടെ മുകൾഭാഗം പാമ്പിന്റെ തലയുടെ ആകൃതിയിലായിരിക്കും. ക്രൂശിതനായ ക്രിസ്തുവിന്റെ പ്രതീകമായിട്ടാണ് സർപ്പത്തെ അംശവടിയിൽ സങ്കല്പിച്ചിരിക്കുന്നത്. സർപ്പത്തിന്റെ തലയും മുകളിൽ കുരിശുരൂപവും കൂടി ഈ വടിയിൽ കാണണമെന്നാണ് അലിഖിത നിയമം. പാശ്ചാത്യസഭയിലെ പിതാക്കന്മാരുടെ അംശവടിയിലെ തലഭാഗത്തു ക്രൂശു വഹിക്കുന്ന കുഞ്ഞാടിന്റെ രൂപമാണ്. അതു കാൽവറിയിൽ ക്രൂശിതനായ ബലിയർപ്പിക്കപ്പെട്ട ക്രിസ്തുവിന്റെ പ്രതീകമാണ്.

പൂർവ്വിക പിതാക്കന്മാരായ അബ്രഹാം, യിസഹാക്ക്, യാക്കോബ് എന്നിവർ തങ്ങളുടെ ചിഹ്നമായി വടി ഉപയോഗിച്ചിരുന്നതായി ഒരു പാരമ്പര്യ വിശ്വാസമുണ്ട്. യാക്കോബ് പറയുന്ന ഒരു ഭാഗം ബൈബിളിലുണ്ട്: "ഒരു വടിയോടുകൂടെ മാത്രമല്ലോ ഞാൻ ഈ യോർദ്ദാൻ കടന്നത്"(ഉൽപ. 32:10). കാതോലിക്കായെ അല്ലെങ്കിൽ എപ്പിസ്കോപ്പായെ വാഴിക്കുന്ന സമയം മറ്റു മേൽപട്ടക്കാർ ചേർന്നു സ്ഥാനാർത്ഥിയെ അംശവടി പിടിപ്പിക്കുന്ന ഒരു പ്രധാന കർമ്മമുണ്ട്. അതിനു ശേഷം അഭിഷിക്തൻ അംശവടി ഉയർത്തി ജനങ്ങളെ ആശിർവദിക്കും. മേൽപട്ടക്കാർ ചില ഔദ്യോഗിക കർമ്മങ്ങളിലും ആരാധനകളിലും അംശവടി ഉപയോഗിക്കുന്നു.

ഈ കാർട്ടൂൺ വരച്ചയാൾ പറയുകയുണ്ടായി, ആരെയെങ്കിലും വ്രണപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഖേദിക്കുന്നു എന്ന്. അവാർഡിനെച്ചൊല്ലിയുണ്ടായ വിവാദം ഖേദകരമാണെന്നും പ്രമുഖ കാർട്ടൂണിസ്റ്റുകൾ ഉൾപ്പെട്ട സമിതിയാണ് അവാർഡ് നിശ്ചയിച്ചതെന്നും കാർട്ടൂൺ അക്കാദമി സെക്രട്ടറി പറയുകയുണ്ടായി. കാർട്ടൂണിനെതിരെയുയർന്ന ആക്ഷേപം സഹിഷ്ണുത ഇല്ലായ്മയാണെന്ന് ലളിതകലാ അക്കാദമി സെക്രട്ടറി പറയുന്നു. എല്ലാവരും ഒരു വിധത്തിലല്ലെങ്കിൽ മറ്റൊരു വിധത്തിൽ സ്വയം ന്യായീകരണമാണ് നടത്തുന്നത്.

ഇവിടത്തെ നിയമപ്രശ്നം, ഈ വിവാദത്തിന് ഉത്തരവാദിയായിരിക്കുന്നവർ ഇന്ത്യൻ ശിക്ഷാനിയമമനുസരിച്ചും സിവിൽ നടപടി നിയമമനുസരിച്ചും കുറ്റകരവും ശിക്ഷാർഹവുമായ തെറ്റു ചെയ്തോ എന്നുള്ളതാണ്. ഇന്ത്യൻ ശിക്ഷാനിയമത്തിലെ 499-ാം വകുപ്പ് ഈ വിഷയം വിശദമായി പ്രതിപാദിച്ചിരിക്കുന്നു:

"499. അപകീർത്തിപ്പെടുത്തൽ: - പറയപ്പെടുന്നതോ, വായിക്കാനായി ഉദ്ദേശിക്കപ്പെടുന്നതോ ആയ വാക്കുകൾകൊണ്ടോ, അല്ലെങ്കിൽ അടയാളങ്ങൾ, ദൃശ്യ അടയാളകുറിപ്പുകൾ എന്നിവകൊണ്ടോ, ഒരാൾ മറ്റൊരാളെക്കുറിച്ച് വല്ല ആരോപണം ഉണ്ടാക്കുകയോ പ്രസിദ്ധീകരിക്കുകയോ ചെയ്യുന്നതു മൂലം ആ ആരോപണം, മറ്റേ ആളിന്റെ ഖ്യാതിക്ക് ഹാനി വരുത്തുമെന്ന് ഉദ്ദേശിക്കുകയോ അല്ലെങ്കിൽ അതു ഹാനിവരുത്തുമെന്നു താൻ അറിയുകയോ അല്ലെങ്കിൽ അങ്ങനെ വിശ്വസിക്കത്തക്ക കാരണം തന്റെ വശം ഇരിക്കുകയോ ചെയ്യുന്ന സംഗതിയിൽ ഇതിനു ശേഷം ഒഴിവാക്കപ്പെട്ട സംഗതികളിൽ ഒഴികെ മറ്റു സംഗതികളിൽ അയാളെ, മറ്റൊരാളെ അപകീർത്തിപ്പെടുത്തിയതായി പറയപ്പെടുന്നു."

പരിഹാസരൂപേണ എന്തു ചെയ്താലും അതു കുറ്റകരവും ശിക്ഷാർഹവുമാണെന്നു വ്യക്തം. ഇവിടെ ക്രൈസ്തവ സമൂഹത്തെയും ഒരു വ്യക്തിയെയും അധിക്ഷേപിക്കുന്ന വിധമാണ് കാർട്ടൂൺ വരച്ചിരിക്കുന്നത്. ഒരു വ്യക്തി കുറ്റം ചെയ്തിട്ടുണ്ടെങ്കിൽ വിചാരണയ്ക്ക് വിധേയനായിരിക്കണം. കുറ്റാരോപണം തെളിയിക്കുന്നതുവരെ ആരോപിതനായ ആളിനെ നിരപരാധിയായിത്തന്നെ കാണണമെന്നാണ് അടിസ്ഥാന പ്രമാണം. ഇവിടെ ജനകീയ വിചാരണ നടത്തി ശിക്ഷ നൽകുന്ന രീതി അവലംബിച്ചിരിക്കുകയാണ്.

ക്രൈസ്തവർ സഹിഷ്ണുത കാണിക്കുന്നവരാണ്. സഭയുടെ സ്വത്ത് എന്നു പറയുന്നത് കർത്താവായ യേശുക്രിസ്തു കാണിച്ചുതന്ന മാർഗമാണ്. സഭയുടെ വിവിധ സ്ഥാനങ്ങളിൽ ഇരിക്കുന്ന വ്യക്തികൾ തെറ്റിയാലും സഭയ്ക്കു തെറ്റുപറ്റില്ല. പാതാള ഗോപുരങ്ങൾക്ക് അതിനെ നശിപ്പിക്കുവാൻ കഴിയുകയില്ല.

ഭാരതത്തിൽ പല ഭാഷകളും, ജാതികളും മതങ്ങളും സംസ്കാരങ്ങളും രാഷ്ട്രീയ ചിന്തകളും ഉണ്ടെങ്കിലും നാം ഭിന്നത ഇല്ലാതെ ജീവിക്കുവാൻ ആഗ്രഹിക്കുന്നു. അതിനു വിഘാതം വരുത്തുന്ന ഏതു പ്രവൃത്തിയും കരണീയമല്ല.

◎

സ്മരണ

എൻ.എസ്. മാധവൻ

ഡോക്ടർ മേരി പുന്നൻ ലൂക്കോസ്

പുതിയ സഹസ്രാബ്ദം പിറക്കുന്നതിനു മുൻപ്, ഐക്യരാഷ്ട്രസഭ ലോകരാഷ്ട്രങ്ങൾക്കായി ദാരിദ്ര്യം, പൊതുജനാരോഗ്യം മുതലായ മേഖലകളിൽ ആറു സഹസ്രാബ്ദ വികസന ലക്ഷ്യങ്ങൾക്ക് രൂപം കൊടുത്തിരുന്നു. മില്ലിനീയം ഡെവലപ്പ്മെന്റ് ഗോൾസ് എന്നറിയപ്പെട്ടിരുന്ന ഈ ലക്ഷ്യങ്ങൾ 2015-ന് അകം നേടേണ്ടതായിരുന്നു. അതിലൊന്നായിരുന്നു ശിശുക്കളുടെ ആരോഗ്യം. ശിശുമരണനിരക്കിൽ ഇന്ത്യയുടെ ലക്ഷ്യമായ 1000 ജനനങ്ങളിൽ 29 എന്നത് ഇപ്പോഴും കൈവരിച്ചിട്ടില്ല; എന്നാൽ 2000-ൽതന്നെ കേരളത്തിലെ ശിശുമരണനിരക്ക് 14 ആയിരുന്നു. അതുപോലെ, മാതൃമരണനിരക്ക് (ഒരു ലക്ഷം പ്രസവങ്ങളിലെ മരണനിരക്ക്) ഇന്ത്യയിൽ ഇപ്പോൾ 130 ആണെങ്കിൽ കേരളത്തിൽ കേവലം 46.

വികസിതരാജ്യങ്ങൾക്ക് അടുത്തുനിൽക്കുന്ന കേരളത്തിലെ ആരോഗ്യസൂചകങ്ങളാണു പ്രധാനമായും കേരള വികസന മാതൃക എന്ന പേരിൽ പഠിക്കപ്പെടുന്നത്. കേരളാ മോഡലിന്റെ ചർച്ചകളിൽ കടന്നുവരാത്ത ഒരു പേരാണു അത്ര അറിയപ്പെടാത്ത ഡോ. മേരി പുന്നൻ ലൂക്കോസ്.

1886-ൽ ജനിച്ച ഡോ. മേരി തിരുവിതാംകൂറിലെ ആദ്യത്തെ മഹിളാ ഗ്രാഡ്വേറ്റായി. ഇരുപത്തിമൂന്നാമത്തെ വയസ്സിൽ ലണ്ടനിൽ മെഡിസിൻ പഠിക്കാൻ പോയി. 1916-ൽ ഇന്ത്യയിലേക്ക് മടങ്ങുമ്പോൾ അവർ പ്രസൂതികാശാസ്ത്രത്തിൽ വൈദഗ്ധ്യം നേടിയിരുന്നു. തുടർന്ന് തിരുവനന്തപുരത്ത്, സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയുടെ സൂപ്രണ്ട് ആയി നിയമിതയായി. 1920-ലെ മാർച്ചുമാസത്തിൽ ഒരു ദിവസം, മണ്ണെണ്ണവിളക്കുകളുടെ വെളിച്ചത്തിൽ, ഡോ. മേരി തിരുവിതാംകൂറിലെ ആദ്യത്തെ സിസേറിയൻ പ്രസവം നടത്തി. 1938-ൽ തിരുവിതാംകൂറിലെ ആദ്യത്തെ മഹിളാ സർജൻ ജനറലായി. ആദ്യത്തെ മഹിളാ നിയമസാമാജികയും അവർ തന്നെയായിരുന്നു. 1976-ൽ ഡോ. മേരി നിര്യാതയായി.

ഈ അത്ഭുതാവഹമായ ജീവിതസ്മരണകൾ അടുത്തിടെ ‘ട്രെയ്ൽബ്ലേസർ: ലെജന്ററി ലൈഫ് ഓഫ് ഡോ. മേരി പുന്നൻ ലൂക്കോസ്’ (മനോരമ ബുക്സ്) എന്ന പേരിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഡോ. മേരിയുടെ ജീവിതത്തിലെ ആദ്യത്തെ 30 വർഷങ്ങളിലെ അനുഭവങ്ങളേ അവരുടെ ആത്മകഥ പറയുന്നുള്ളൂ. വിട്ടുപോയ കുറേ ഭാഗങ്ങൾ മേരിയുടെ പുത്രഭാര്യയായ ഏലിലൂക്കോസ് പൂരിപ്പിക്കുന്നു. പഠനങ്ങളിലൂടെ സൂക്ഷ്മവിവരങ്ങൾ ശേഖരിച്ച് ഗവേഷക ലീനാ ചന്ദ്രനും ഡോ. മേരിയുടെ സമഗ്രമായ ജീവചരിത്രക്കുറിപ്പ് കാഴ്ചവയ്ക്കുന്നു.

അന്നത്തെ കാലത്ത് ആശുപത്രികളിൽ പ്രസവിക്കുന്നത് വിരളമായിരുന്നു. ഡോ. മേരി വീടുവീടാന്തരം കയറിയിറങ്ങി സ്ത്രീകളെ ആശുപത്രിയിൽ പ്രസവിക്കാൻ പ്രേരിപ്പിച്ചു. മാതൃമരണനിരക്ക് കുറയ്ക്കാൻ സഹസ്രാബ്ദ വികസന ലക്ഷ്യങ്ങൾ ശുപാർശ ചെയ്തതുപോലെ, ഇന്ന് കേരളത്തിൽ ഏതാണ്ട് എല്ലാ പ്രസവങ്ങളും (99.3%) ആശുപത്രി പോലെയുള്ള സ്ഥാപനങ്ങളിലാണ്. കേരള വികസനമാതൃകയുടെ വിത്തുപാകുന്നതിൽ ഡോ. മേരി പുന്നൻ ലൂക്കോസിന്റെ പങ്ക് മറക്കാവുന്നതല്ല.

ശ്രീ. എൻ.എസ്.മാധവൻ സാഹിത്യകാരനും ഗ്രന്ഥകർത്താവും, സാഹിത്യരംഗത്ത് അനേകം പുരസ്കാരങ്ങൾ നേടിയിട്ടുള്ള വ്യക്തിയുമാണ്.


Enjoy instant transactions
on opening a
FedBook Selfie Account
FED Book Selfie
Download on
Google play
WHY SETTLE FOR LESS?
The Federal Bank Limited, Regd. Office:Aluva. *Conditions Apply
24x7 PHONE BANKING
1800 425 1199
1800 420 1199
+91 484 2630994/5 (NRI)
www.federalbank.co.in
FEDERAL BANK
YOUR PERFECT BANKING PARTNER

യുവപംക്തി

അഹ്ന എസ്. ബാബു

കലാലയ രാഷ്ട്രീയം കലാപരാഷ്ട്രീയമാകുമ്പോൾ

സ്വാതന്ത്ര്യസമര കാലം മുതലേ സജീവമാണ് കലാലയ രാഷ്ട്രീയം. വിദ്യാർത്ഥികളുടെ പൊതുജനാധിപത്യ വേദികളാണിവ. ഒരു വ്യക്തിക്ക് തന്റെ നിലപാടുകൾ വിളിച്ചുപറയാനും അതിലൂന്നിനിൽക്കാനുമുള്ള വേദിയാണ് കലാലയ രാഷ്ട്രീയം മുന്നോട്ട് വയ്ക്കുന്നത്. പല സ്ഥലങ്ങളിൽ നിന്നും എത്തുന്ന വിദ്യാർത്ഥികൾക്ക് പല അഭിപ്രായങ്ങളും നിലപാടുകളും ഉണ്ട്.തങ്ങളുടെ ആശയങ്ങളോടു യോജിച്ച് പോകുന്ന സംഘടനയിലേക്ക് അവർ ചേരുന്നു.

